


# ാർ തോമ്മാശ്ലീഹായും പാലയൂർ പള്ളിയും.


റവ. ഫാദർ പ്ലാസിഡ്, ടി. ഒ. സി. ഡി.

പി. എച്ച്. ഡി; ഡി. ഡി; ഡി. സി. എൽ.



ARAM
33
69
ARY

# മാർ തോമ്മാശ്ലീഹായും പാലയൂർ പള്ളിയും

(പ്രസംഗം, ജൂലായ് 15; 1949)

പരിഷ്ക്കരിച്ച മൂന്നാംപതിപ്പ്.

DHARMARAM COLLEGE LIBRARY BANGALORE-29

റവ. ഫാദർ പ്ലാസിഡ്, ടി. ഒ. സി. ഡി.
പി. എച്ച്. ഡി; ഡി. ഡി; ഡി. സി. എൽ.


Dharmaram College Library
Acc. No. 90915
Call. No. J63/P69

Copies: 500. 1951.

NEETHIMAN PRESS, CHOONDAL.
(CARMELITE SISTERS)

*Imprimatur:-*

TRICHUR, JUNE 2; 1951. ✠ G. C. ALAPATT, BP. OF TRICHUR.



പാലയൂർ പള്ളിയുടെ സ്ഥാപകനും
നമ്മുടെ പിതാവുമായ
മാർ തോമ്മാശ്ലീഹാ.

# മാർത്തോമ്മാശ്ലീഹായും
# പാലയൂർ പള്ളിയും

I

"നിങ്ങൾക്കു പതിനായിരം ഉപദേഷ്ടാക്കളുണ്ടായാലും പിതാക്കന്മാർ വളരെയില്ല. സുവിശേഷം കൊണ്ടു് മ്ശിഹായിൽ നിങ്ങളെ ജനിപ്പിച്ചതു് ഞാനാകുന്നു."

1 കോറി. IV. 17.

"നിങ്ങളാകുന്നു എന്റെ ശ്ലീഹാസ്ഥാനത്തിന്റെ മുദ്ര."

1 കോറി. IX. 2.

വി. പൌലോസ് തന്റെ ആദ്ധ്യാത്മികസന്താനങ്ങളായ കോറീന്തിയരോടു് അരുളിച്ചെയ്ത ഈ വാക്യങ്ങൾ കേരളത്തിലെ മാർത്തോമ്മാനസ്രാണികളെ നോക്കിക്കൊണ്ടു് മാർത്തോമ്മാശ്ലീഹാ ഉദ്ധരിക്കുന്നതായി സങ്കല്പിച്ചാൽ അതിൽ യാതൊരബദ്ധവും ഉണ്ടാകുവാനില്ല.

പാലയൂർ, കൊടുങ്ങല്ലൂർ, പറവൂർ, കോക്കമംഗലം, ചായൽ, നിരണം, കൊല്ലം എന്നീ ഏഴു കേന്ദ്രങ്ങളിൽ മാർത്തോമ്മാശ്ലീഹാ സുവിശേഷംകൊണ്ടു മ്ശിഹായിൽ ജനിപ്പിച്ചു് തന്റെ ശ്ലീഹാസ്ഥാനത്തിന്റെ മുദ്ര പതിച്ച ആദിമനസ്രാണികളെ തുടന്നുണ്ടായിട്ടുള്ളവരാണു് കേരളത്തിലും പുറത്തുമുള്ള മാർത്തോമ്മാനസ്രാണികൾ.

മാർത്തോമ്മാനസ്രാണികളുടെ ഒരു തറവാടു് എന്ന മഹനീയസ്ഥാനം പാലയൂരിനു കൈവന്നിട്ടുണ്ടു്. തന്നി

മിത്തം അവർ പാലയൂരിൽ അന്യരോ പരദേശികളോ ആകുവാൻ പാടുള്ളതല്ല. പാലയൂർ പള്ളിയും, തദ്ധാരാ, പാലയൂർക്കാക്കും അവരുടെ ഹൃദയത്തിൽ ഒരു പ്രത്യേക സ്ഥാനം ഉണ്ടാകേണ്ടതുമാണ്.

## I

## 1. തോമ്മാശ്ലീഹായുടെ ഇൻഡ്യാ

പാലയൂരിലോ, കേരളത്തിൽ വേറെ എവിടെയെങ്കിലുമോ, അല്ല, ഇൻഡ്യയിൽ ഒരിടത്തുപോലും മാർത്തോമ്മാശ്ലീഹാ കാലുകുത്തിയിട്ടില്ലെന്നു വിചാരിക്കുന്നവർ ഒരു പക്ഷേ ഇന്നും ഉണ്ടായെന്നു വരാം.

a) മാർത്തോമ്മാശ്ലീഹാ ഇൻഡ്യയിൽ വന്നിട്ടില്ലെന്ന് പറഞ്ഞിരുന്നവർ ഒരുകാലത്ത് ധാരാളമുണ്ടായിരുന്നു. അതിന് അവർ ന്യായവും ചൂണ്ടിക്കാണിക്കാതിരുന്നില്ല. നാലാം ശതാബ്ദത്തിനുമുമ്പ് ജീവിച്ചിരുന്ന ഓറിജെനെപ്പോലുള്ള ചിലർ പാർത്ത്യായും വേറെ ചില സ്ഥലങ്ങളുമല്ലാതെ ഇൻഡ്യ മാർത്തോമ്മാശ്ലീഹായുടെ പ്രേഷിതരംഗമായിരുന്നെന്നു പ്രസ്താവിക്കുന്നില്ലത്രേ. ഇതാണ് അവരുടെ ന്യായം.

ശരിതന്നെ. എന്നാൽ മാർത്തോമ്മാശ്ലീഹാ പാർത്ത്യായിലും അവർ പേരു പറഞ്ഞിരിക്കുന്ന വേറെ സ്ഥലങ്ങളിലും മാത്രമേ പോയിട്ടുള്ളു എന്നോ, ഇൻഡ്യയിലേയ്ക്കു കടന്നിട്ടില്ലാ എന്നോ പ്രസ്തുത ഗ്രന്ഥകാരന്മാർ പ്രസ്താവിക്കുന്നില്ല. പാർത്ത്യായുടേയും വേറെ ചില സ്ഥലങ്ങളുടേയും

പേരു പറയുന്നതിൽനിന്നു് ശ്ലീഹാ ഇൻഡ്യയിലേയ്ക്കു കട ന്നിട്ടില്ലെന്നു് അവർ അർത്ഥമാക്കുന്നതായി അനുമാനിച്ചു കൂടാ. ശ്ലീഹായുടെ പ്രേഷിതരംഗങ്ങളെ സസൂക്ഷ്മം എ ണ്ണിപ്പറയുവാൻ പ്രസ്തുത ഗ്രന്ഥകാരന്മാർക്ക് ഉദ്ദേശ്യമില്ലാ യിരുന്നെന്നു വരാം. ഉദ്ദേശ്യമുണ്ടായിരുന്നാൽതന്നെയും ഇൻഡ്യയെപ്പററി അവർ വേണ്ടവിധം ഗ്രഹിച്ചിരുന്നി ല്ലെന്നും വരാവുന്നതാണു്.

കൂടാതെയും, ആദിമശതാബ്ദങ്ങളിൽ പാത്ത്യൻസാ മ്രാജ്യത്തിൻെറ ഒരു അംശമായിരുന്നു നമ്മുടെ ഇൻഡ്യയു ടെ ഒരു ഭാഗം. തന്നിമിത്തം, പാത്ത്യാ എന്നതിൽ ഇൻ ഡ്യയും പൊതുവെ ഉൾപ്പെട്ടിരുന്നതായി പ്രസ്തുത ഗ്രന്ഥ കാരന്മാർ വിചാരിച്ചിരിക്കാം. പൊതുവായ പ്രസ്താവന കളിൽ ഇൻഡ്യയുടെ വ്യാപ്തിയെപ്പററി സൂക്ഷ്മമായ പരി ശോധന ആവശ്യവുമില്ലായിരുന്നു. ആകയാൽ പാത്ത്യാ എന്നു കണ്ടുകൊണ്ടു് ഈ സംഗതിയിൽ നമ്മുടെ ഇൻഡ്യ യെ ഒഴിവാക്കുക ശരിയല്ല.

ഇത്രയുമല്ല. നാലാംശതാബ്ദത്തിനുമുമ്പു് രചിക്ക പ്പെട്ട "തോമ്മാശ്ലീഹായുടെ നടപടികൾ" എന്ന സുറി യാനി ഗ്രന്ഥവും മററു ചില രേഖകളും മാത്തോമ്മാശ്ലീ ഹാ ഇൻഡ്യയിൽ സുവിശേഷം പ്രസംഗിച്ചതായി നി സ്സംശയം സാക്ഷ്യപ്പെടുത്തുന്നുണ്ടു്. നാലാം ശതാബ്ദം മുതലുള്ള രേഖകളെല്ലാംതന്നെ തോമ്മായെ ഇൻഡ്യയോ ടു് അസന്ദിഗ്ദ്ധമായി ബന്ധിക്കുകനിമിത്തം തോമ്മായും ഇൻഡ്യയും പര്യായപദങ്ങളാണെന്നാത്രേ ഗവേഷണപടു വായ ഡോക്ടർ മിൻഗാനാ സമർത്ഥിക്കുന്നതു്. ഈ കാര

ങ്ങൾനിമിത്തം മാർത്തോമ്മാശ്ലീഹാ ഇൻഡ്യയിൽ സുവിശേഷം പ്രസംഗിച്ചിട്ടുണ്ടെന്നു എല്ലാവരുംതന്നെ ഇന്നു സമ്മതിക്കുന്നു.

b) മാർത്തോമ്മാശ്ലീഹാ ഇൻഡ്യയിൽ സുവിശേഷം പ്രസംഗിച്ചിട്ടുണ്ട്. പക്ഷേ, തോമ്മായുടെ ഇൻഡ്യ നമ്മുടെ ഇൻഡ്യ അല്ലപോൽ. ഇൻഡ്യ എന്ന പേരിൽ അറിയപ്പെട്ടിരുന്ന എത്തിയോപ്യയോ, അറേബ്യ ഫേലിക്സോ, വേറെ വല്ല രാജ്യമോ ആയിരിക്കണം തോമ്മാശ്ലീഹായുടെ ഇൻഡ്യ. ഇപ്രകാരമാണ് വേറൊരു കൂട്ടരുടെ വാദരീതി.

കഴിഞ്ഞ ശതാബ്ദത്തിൽ പഞ്ചാബ്, സെയിസ്റ്റാൻ മുതലായ ഭാഗങ്ങളുൾപ്പെട്ട വടക്കുപടിഞ്ഞാറെ ഇൻഡ്യയിൽനിന്ന് കണ്ടെടുത്ത കുറെ നാണയങ്ങൾ ഈ വാദത്തെ ദുർബ്ബലമാക്കിയിട്ടുണ്ട്. "തോമ്മാശ്ലീഹായുടെ നടപടികൾ" എന്നു മുമ്പു പറഞ്ഞ ഗ്രന്ഥത്തിൽ ശ്ലീഹായോടു ബന്ധപ്പെട്ടവരായി ഗൊണ്ടഫോറോസു എന്ന ഇൻഡ്യൻ രാജാവും അദ്ദേഹത്തിൻെറ സഹോദരൻ ഗാദും പ്രത്യക്ഷരാകുന്നു. ഈ പേരുകൾ അടിച്ചിട്ടുള്ളവയാണ് പ്രസ്തുത നാണയങ്ങൾ. നാണയങ്ങൾ കണ്ടതോടെ തോമ്മാശ്ലീഹായുടെ ഇൻഡ്യയിൽ കുറഞ്ഞപക്ഷം നമ്മുടെ ഇൻഡ്യയുടെ വടക്കുപടിഞ്ഞാറെ ഭാഗമെങ്കിലും ഉൾപ്പെടുത്താമെന്നായി വിമർശകന്മാരുടെ ഭാവം. ആകയാൽ മാർത്തോമ്മാശ്ലീഹാ നമ്മുടെ ഇൻഡ്യയിൽ വന്നിട്ടില്ലെന്നു തീർത്തു പറയുവാൻ പാടില്ലെന്ന് പൊതുവെ സമ്മതിച്ചു തുടങ്ങി.

c) വാദഗതി വീണ്ടും ഭേദപ്പെട്ടു. ശ്ലീഹാ വടക്കെ ഇൻഡ്യയിൽ വന്നിരിക്കാമെങ്കിലും തെക്കേ ഇൻഡ്യയിൽ, പ്രത്യേകിച്ച് കേരളത്തിൽ വന്നിട്ടുണ്ടെന്നു സമ്മതിച്ചുകൂടാ എന്നായി വാദം.

"തോമ്മാശ്ലീഹായുടെ നടപടികൾ" എന്ന ഗ്രന്ഥത്തിൽനിന്ന് ശ്ലീഹാ വടക്കെ ഇന്ത്യയിൽ പ്രസംഗിച്ചു മരിച്ചതായിമാത്രമേ മനസ്സിലാകുന്നുള്ളു, എന്നൊരു കൂട്ടർ. ആദിമശതാബ്ദങ്ങളിൽ പാശ്ചാത്യരുൾപ്പടെ ഇതരരാജ്യക്കാർക്ക് കേരളം അറിയപ്പെടാതെ കിടന്നിരുന്നതിനാൽ തോമ്മാശ്ലീഹായുടെ ഇന്ത്യയെസംബന്ധിച്ചുള്ള പ്രസ്താവനകളിൽ വടക്കെ ഇന്ത്യയ്ക്കു മാത്രമേ പ്രസക്തിയുള്ളു എന്ന് വേറൊരു കൂട്ടർ—ഈ വാദങ്ങൾ സ്വീകാര്യങ്ങളാണോ എന്നു പരിശോധിക്കാം.

"തോമ്മാശ്ലീഹായുടെ നടപടികൾ" എന്ന ഗ്രന്ഥം വടക്കെ ഇന്ത്യ തെക്കെ ഇന്ത്യ എന്നിങ്ങനെ ഇന്ത്യയെ വിഭജിക്കുന്നില്ല. അതിൽ കാണുന്ന ഗൊണ്ടഫാറസ് മുതലായവർ തെന്നിന്ത്യാക്കാരാകുവാൻ പാടില്ലാത്തതുമല്ല. ഗൊണ്ടഫാറസ് തെന്നിന്ത്യയിൽ ഭരിച്ചിരുന്ന കണ്ടപ്പരാജാവാണെന്ന് ചില പണ്ഡിതന്മാർ സകാരണം അഭിപ്രായപ്പെടുന്നുമുണ്ട്. ആകയാൽ "തോമ്മാശ്ലീഹായുടെ നടപടികളെ" ആസ്പദമാക്കി ശ്ലീഹാ തെക്കെ ഇന്ത്യയിൽ വന്നിട്ടില്ലെന്നു പറയുക അബദ്ധമായിരിക്കും.

ആദിമശതാബ്ദങ്ങളിൽ കേരളം വിദേശീയർക്ക് അറിയപ്പെട്ടിരുന്നില്ല എന്ന വാദത്തിനും പ്രസക്തിയില്ലാതായിത്തീന്നിരിക്കുന്നു. മുസിറിസു (അഥവാ മുയരിക്കോ

ട്, അഥവാ കൊടുങ്ങല്ലൂർ), കന്ന്യാകുമാരി, പാണ്ടിയോൻ (അഥവാ പാണ്ടിരാജ്യം), കാവേരി മുതലായ നാമങ്ങളും അവ സൂചിപ്പിക്കുന്ന സ്ഥലങ്ങളും റോമ്മാക്കാർക്കും മററും അപരിചിതങ്ങളല്ലായിരുന്നു എന്ന് ആദിമശതാബ്ദങ്ങളിൽ ജീവിച്ചിരുന്ന പ്ലീനി, പ്'റെറാൾമി ആദിയായ ഗ്രന്ഥകാരന്മാർ വെളിപ്പെടുത്തിയിട്ടുണ്ട്. 1946-ൽ കുന്നംകുളമടുത്തുള്ള ഈയ്യാൽ എന്ന സ്ഥലത്തുനിന്നു ലഭിച്ച റോമൻനാണയങ്ങൾ ഈ വസ്തുത സ്ഥിരീകരിക്കുന്നു. റോമൻ ജനാധിപത്യകാലത്തേയും, അഗസ്റ്റസു ക്ലോഡിയസ് മുതലായ റോമൻ ചക്രവത്തിമാരുടേയും നാണയങ്ങൾ ഒരു കുടത്തിൽ നിക്ഷേപിച്ചിരുന്നത് അവിടെനിന്നു യാദൃച്ഛികമായി കുഴിച്ചെടുക്കുകയുണ്ടായി. അവയിൽ 83 എണ്ണം തൃശ്ശൂർ മ്യൂസ്യത്തിൽ ഇപ്പോൾ സൂക്ഷിച്ചിട്ടുണ്ട്. കൊടുങ്ങല്ലൂർ പ്രദേശത്തുനിന്ന് മുൻകാലങ്ങളിലും റോമൻ നാണയങ്ങൾ ലഭിച്ചിട്ടുള്ളതായി നമുക്കറിയാം. റോമ്മായും കേരളവുമായി കച്ചവടമുണ്ടായിരുന്നെന്ന് ഇപ്രകാരം തെളിയുന്നു. പ്ലീനിയുടെ ഗ്രന്ഥത്തിൽ കാണുന്ന "പാലൂറാ" "ബ്രഹ്മഗറ" എന്ന സ്ഥലങ്ങൾ നമ്മുടെ പാലയൂരും ബ്രഹ്മക്കുളവുമാണെന്ന് ഇവയിൽനിന്നെല്ലാം സ്പഷ്ടമാകുന്നുണ്ട്. ആകയാൽ ആദിമശതാബ്ദങ്ങളിൽ പാശ്ചാത്യർക്കും മററും അറിയപ്പെടാതെ കിടന്ന ഒന്നല്ല കേരളം. തന്നിമിത്തം തോമ്മാശ്ലീഹായുടെ ഇന്ത്യയിൽ കേരളത്തിന് സ്ഥാനമുണ്ടാകുവാൻ വഴിയുണ്ടെന്നു സമ്മതിക്കേണ്ടതാണ്. കേരളമുൾപ്പെടാതെ നമ്മുടെ ഇന്ത്യ അന്നു വിദേശീയർക്ക് അറിയപ്പെട്ടിരുന്നില്ല.

കടൽവഴിക്കോ കരവഴിക്കോ കേരളത്തിലെത്തുവാൻ തോമ്മാശ്ലീഹായിക്ക് എല്ലാവിധ സൌകര്യങ്ങളും അന്നുണ്ടായിരുന്നു എന്നു ചരിത്രവും ഭൂമിശാസ്ത്രവും ഒന്നുപോലെ സാക്ഷ്യം വഹിക്കുന്നു. അറേബ്യൻ തുറമുഖങ്ങളിൽനിന്നു കൊടുങ്ങല്ലൂരേയ്ക്കു കപ്പലോടിക്കുവാൻ സഹായകമായി വർഷകാലത്തു് ഒരുതരം കാററുണ്ടാകാറുണ്ടെന്നു് ക്രിസ്ത്വബ്ദം 46-ൽ ഹിപ്പാലൂസു കണ്ടുപിടിക്കയുണ്ടായി. അന്തിയോക്ക്യാ, എഡേസ്സാ എന്നീ പട്ടണങ്ങൾ കടന്നു് ഇന്ത്യയുടെ പടിഞ്ഞാറെ തീരത്തുകൂടി നീണ്ടുകിടന്നിരുന്ന കരവഴിയും ചരിത്രപ്രസിദ്ധമാണു്.

ഇത്രയും പറഞ്ഞതിൽനിന്നു് ഒരു സംഗതി നിശ്ചയമാണു്. മാർത്തോമ്മാശ്ലീഹാ കേരളത്തിൽ വന്നിട്ടില്ലെന്നു പറയുവാൻ യാതൊരു തെളിവുമില്ല; പ്രത്യുത, ശ്ലീഹായിക്കു കേരളത്തിലെത്തുവാൻ എല്ലാ സാദ്ധ്യതകളും ഉണ്ടായിരുന്നു.

തോമ്മാശ്ലീഹായുടെ ഇന്ത്യ എന്നു പറയുമ്പോൾ കേരളമെന്നാണു് എപ്പോഴുംതന്നെ നമ്മൾ മനസ്സിലാക്കുന്നതു്. ആകയാൽ ശ്ലീഹാ കേരളത്തിൽ വന്നിട്ടുണ്ടോ?

## 2. പാലയൂർ നൽകുന്ന തെളിവു്

ഇന്ത്യയും അങ്ങേ അററത്തുള്ള കടൽവരെയുള്ള അതിലെ രാജ്യങ്ങളും തോമ്മാശ്ലീഹായിൽനിന്നു പൌരോഹിത്യം സ്വീകരിച്ചതായി "ശ്ലീഹന്മാരുടെ ഉപദേശം" എന്ന പേരിൽ അറിയപ്പെടുന്നതും രണ്ടാം ശതാബ്ദത്തിലോ അ

തിനടുത്തോ രചിക്കപ്പെട്ടതുമായ ഒരു സുറിയാനി ഗ്രന്ഥത്തിൽ കാണുന്ന പ്രസ്താവന മുമ്പിൽ വച്ചുകൊണ്ട് ചരിത്രപ്രസിദ്ധമായ പാലയൂരിലേയ്ക്കു നമുക്ക് നമ്മുടെ ദൃഷ്ടി പതിക്കാം. പാലയൂരുണ്ടായിരുന്ന ചില ഇല്ലക്കാർ തോമ്മാശ്ലീഹായിൽനിന്നു പൌരോഹിത്യം സ്വീകരിച്ചതായി നമ്മുടെ പാരമ്പര്യം ഘോഷിക്കുന്നുമുണ്ടല്ലോ.

ചെഞ്ചേക്കുളം, പൂക്കുളം, തളികക്കുളം, ബോട്ടുകുളം എന്നിങ്ങനെ തെക്കും, വടക്കും, കിഴക്കും, പടിഞ്ഞാറുമായി സ്ഥിതിചെയ്യുന്ന നാലു കുളങ്ങളുടെ മദ്ധ്യത്തിൽ പാലയൂരും പാലയൂരുള്ള പുരാതനമായ പള്ളിയും നിലകൊള്ളുന്നു. പഴയ ചാവക്കാടും (ശാപക്കാട്) പാലയൂരും ഒന്നുതന്നെയാണെന്നു പറയാം. പള്ളിക്കു തെക്കായി നമ്പൂതിരിമാർ വേദം പഠിപ്പിച്ചിരുന്ന "ഓത്തുപറമ്പ്" ഇന്നും കാണുവാനുണ്ട്. അതിനടുത്തുള്ള വേറൊരു പറമ്പാണ് "കാളത്തുപറമ്പ്" (Survey No. 49/27). ചരിത്രപ്രസിദ്ധങ്ങളായ മററു പറമ്പുകളും അവയുടെ പുരാതനനാമങ്ങളിൽതന്നെ സമീപസ്ഥലങ്ങളിൽ സ്ഥിതിചെയ്യുന്നു. കുറെ അകലെയാണ് "ഒരുമനയൂർ"

തളികക്കുളത്തിനടുത്തുള്ള "പൂജക്കിണർ", തളികക്ഷേത്രത്തിൻെറ അടിത്തറ, വേറൊരു "പൂജക്കിണർ" മൂടിയിരുന്ന വട്ടക്കല്ല് ഇവയെല്ലാം മിക്കവാറും കേടുകൂടാതെ പള്ളിക്കു കിഴക്കുവശത്തു കാണുവാനുണ്ട്. ബിംബങ്ങളുടെ നഷ്ടശിഷ്ടങ്ങളും, ശൈവാരാധനയ്ക്കുള്ള സാമഗ്രികളും സന്ദർശകരെ തുറിച്ചുനോക്കിക്കൊണ്ട് അങ്ങിങ്ങായി കിടക്കുന്നു. കിഴക്കോട്ടു മാറിയാൽ പെരുന്തിട്ട ക്ഷേത്രം.

## പാലയൂർ മാർ തോമ്മാശ്ലീഹാ ഫൊറാനപ്പള്ളി



ഇടതുഭാഗത്തു കാണുന്നതു് സാക്ഷാൽ പള്ളിയും, വലതുഭാഗത്തു കാണുന്ന തു് സെമിത്തേരിപ്പള്ളിയും. നടുവിൽ നില്ക്കുന്ന മണിമാളിക 1913_ൽ പണി തീർത്തതാണു്.

പാലയൂരിൽനിന്നു തെക്കോട്ടു കടക്കാം. "വേന്മേനാട്ടം" അവിടെയുള്ള അമ്പലങ്ങളും വലിയ അമ്പലക്കുളവും നമുക്കു കാണാറാകുന്നു. വേന്മേനാടിനു അടുത്താണു് "പുതുമനശ്ശേരി". "കാളത്തു മന" ഇരുന്ന ഒരു "കാളത്തു പറമ്പു്" വേന്മേനാടിനു സമീപം പാവർട്ടിയിലുണ്ടു്. കണ്ടി, മുണ്ടം, ചെങ്ങലം എന്നിങ്ങനെയുള്ള നമ്പൂതിരിഇല്ലങ്ങളുടെ കൂടെ പാലയൂരിൽനിന്നു പുറപ്പെട്ടു് ഈ പ്രദേശത്തു താമസമാക്കിയ ഒന്നത്രേ കാളത്തു മന. ഈ ഇല്ലക്കാർ അന്യർ അഥവാ "കൊണ്ടോടിയവർ" ആണെന്നു് സ്ഥലത്തുള്ള മററു ഇല്ലക്കാർ കരുതി വരുന്നുണ്ടത്രേ. പാലയൂരുണ്ടായിരുന്ന "കാളം" തെക്കോട്ടു തിരിച്ചു പാവർട്ടിയിൽ വാസമുറപ്പിച്ചതിൻെറ ലക്ഷ്യമാണു് പാലയൂരിലും പാവർട്ടിയിലുമുള്ള "കാളത്തു പറമ്പുകൾ".

ചാവക്കാട്ടു്, നമ്പൂതിരിമാൎക്കു് ഇന്നും ശാപക്കാടുതന്നെ. അവരുടെ ഓത്തുപറമ്പുപോലും ഇന്നു പാലയൂരിലുണ്ടെങ്കിലും ഇപ്പോഴും അവർ ശാപക്കാടായി കരുതുന്ന പാലയൂർ പ്രദേശത്തുവച്ചു സ്നാനം ചെയ്യുകയോ ഭക്ഷണപാനീയങ്ങൾ അനുഭവിക്കുകയോ ചെയ്യാറില്ല. അടുത്തുള്ള പ്രധാനപ്പെട്ട ഇല്ലങ്ങളിൽനിന്നുതന്നെ ഈ വസ്തുത അറിയുവാൻ കഴിവുള്ളതാകുന്നു.

ഇവയെല്ലാം സംബന്ധിച്ചു നമ്മുടെ പാരമ്പൎയ്യം എന്തു പറയുന്നുവെന്നു പരിശോധിക്കാം.

പാലയൂർ പള്ളിക്കു കിഴക്കുവശത്തുള്ള (തളികു)കുളത്തിൽ കൎക്കടകസംക്രമദിവസം തപ്പുവിധാനം ചെയ്തുകൊ

ണ്ടിരുന്ന നമ്പൂതിരിമാരെ മാർത്തോമ്മാശ്ലീഹാ സമീപിച്ചു. അവരുമായുണ്ടായ സംഭാഷണത്തിനിടയ്ക്കു വെള്ളത്തുള്ളികൾ ആകാശത്തിൽ പൊക്കി നിറുത്താമോ എന്നു ശ്ലീഹാ അവരോടു ചോദിച്ചു. അവർക്കതു സാദ്ധ്യമായില്ല. താൻ പ്രസംഗിക്കുന്ന മതം സത്യമതമാണെന്നു തെളിയിക്കുവാൻ ശ്ലീഹാ വെള്ളത്തുള്ളികൾ ആകാശത്തിൽ പൊക്കി നിറുത്തുക മാത്രമല്ല, വെള്ളം കോരിയെടുത്ത സ്ഥാനത്തു വിടവു കാണിച്ചുകൊടുക്കുകകൂടി ചെയ്തു. അതോടെ വളരെപ്പേർ ശ്ലീഹായിൽനിന്നു മാമ്മോദീസാ സ്വീകരിച്ചു. ശങ്കരപ്പുരി, കാളികാവ്, കള്ളി, പകലോമററം എന്നിങ്ങനെ പല ഇല്ലക്കാർ അന്നു ക്രിസ്ത്യാനികളായെന്നാണ് പാരമ്പര്യം. ഇവരിൽ ചിലർ ശ്ലീഹായിൽനിന്നു പൌരോഹിത്യം സ്വീകരിച്ചതായും പാരമ്പര്യമുണ്ട്. ഈ ഇല്ലങ്ങളിൽ ചിലവയുടെ പേരുകളുള്ള പറമ്പുകൾ പാലയൂർ പള്ളിക്കു സമീപം ഇന്നും കാണുവാനുണ്ട്.

പ്രതിഷേധശബ്ദമുയർത്തിയ നമ്പൂതിരിമാർ "ഇനിയത്തെ കുളി വേമ്പനാട്ട്" എന്നു പറഞ്ഞു പാലയൂരിനെ ശപിച്ച് ശാപക്കാട് (ചാവക്കാട്) ആയി സങ്കല്പിച്ചുകൊണ്ട് തെക്കോട്ടു പുറപ്പെട്ടു. വേമ്പനാട്ടുള്ള അമ്പലങ്ങളും അമ്പലക്കുളവും ഈ പാരമ്പര്യത്തെ ലക്ഷ്യപ്പെടുത്തിക്കൊണ്ട് ഇന്നും അവിടെ സ്ഥിതി ചെയ്യുന്നു. അവിടെയുള്ള ഹിന്തുക്കളും ഈ സംഗതി ഇന്നും ആവർത്തിച്ചു പറയുന്നുണ്ട്.

ഏതോ ഒരു മനക്കാർ തെക്കോട്ടു പോയില്ലത്രേ. ആ മനയിരുന്ന സ്ഥലത്തിനു "ഒരുമനയൂർ" എന്ന പേ

ണ്ടായതായി പറയപ്പെടുന്നു. വേന്മേനാട്ടിനു സമീപം പുതിയ മനകഠം വരുകനിമിത്തം അവിടം "പുത്തമനശ്ശേരി"യായിത്തീന്നത്രേ.

തെക്കോട്ടു പോയവരുടെ സന്താനപരമ്പരയും അവരെ അനുഗമിച്ച മററു നമ്പൂതിരിമാരും "ശാപക്കാടായി" ഉപേക്ഷിക്കപ്പെട്ട പാലയൂർ പ്രദേശത്തുവെച്ചു പച്ചവെള്ളംപോലും കുടിക്കാറില്ല. സ്ഥലനിവാസികഠംക്ക് അനുഭവപ്പെട്ടുകൊണ്ടിരിക്കുന്ന ഈ വസ്തുത നിഷേധിക്കുവാൻ ആരും മുതിരുകയില്ലതന്നെ.

തളികക്ഷേത്രത്തിനുപകരം കിഴക്കോട്ടു മാറി പെരുന്തിട്ട ക്ഷേത്രം പ്രതിഷ്ഠിതമായെന്നു പറയുന്നു. തളികക്ഷേത്രമിരുന്ന കുറച്ചു സ്ഥലം അടുത്ത കാലംവരെ കോഴിക്കോട്ടു സാമൂതിരിപ്പാടിൻെറ പേരിൽ ആയിരുന്നു എന്നുള്ളതും പ്രസ്താവയോഗ്യമാണ്. ആദിമകാലങ്ങളിൽ പാലയൂരിലെ പ്രാദേശിക ഭരണാധിപനായിരുന്ന പുന്നത്തൂർ നമ്പിടിയിൽനിന്ന് ഈ സ്ഥലത്തിൻെറ മേൽക്കോയ്മ സാമൂതിരിപ്പാട്ടു പിൽക്കാലത്തു കൈവശപ്പെടുത്തിയതായും പറയുന്നു. പാലയൂരിൽനിന്ന് അത്ര അകലെയല്ല പുന്നത്തൂർ നമ്പിടിയുടെ ആസ്ഥാനം.

വളരെയധികം പ്രാബല്യമുണ്ടായിരുന്ന ഒരു ഹൈന്ദവദേവസ്ഥാനത്താണ് പാലയൂർപ്പള്ളി സ്ഥിതി ചെയ്യുന്നതെന്ന് ആരേയും പറഞ്ഞു ധരിപ്പിക്കേണ്ട ആവശ്യമില്ല. കേരളക്കരയിലെ പ്രധാന ശിവക്ഷേത്രങ്ങളിൽ ഒന്നിൻെറ ആസ്ഥാനമായിരുന്നു പാലയൂർ. പാലയൂരുണ്ടായിരുന്ന ഉൽകൃഷ്ടവംശജരായ ബ്രാഹ്മണർ തോമ്മാശ്ലീഹാ

നിമിത്തം അനിതരസാധാരണമായ രീതിയിൽ ക്രിസ്തുമതം സ്വീകരിച്ചു എന്നാണ് മാർത്തോമ്മാനസ്രാണികളുടെ പരമ്പരാഗതമായ വിശ്വാസം. വേന്മേനാട്ട്, ചാവക്കാട്ട്, ഓത്തുപറമ്പ്, കാളത്തുപറമ്പ്, ഒരുമനയൂർ, പുതുമനശ്ശേരി മുതലായ സ്ഥലങ്ങളും അവയോട് അനുബന്ധപ്പെട്ടവയായി മുമ്പു പറഞ്ഞ ഐതിഹ്യങ്ങളും ഈ പാരമ്പര്യത്തെ പിൻതാങ്ങുന്നു. പാലയൂരിന് അടുത്തുള്ള പ്രധാനപ്പെട്ട മനകളിലോ, ഇല്ലങ്ങളിലോ അന്വേഷിച്ചുകൊള്ളുക. നസ്രാണികളുടെ പാരമ്പര്യത്തെ അവിടെയുള്ളവരും ഏററുപറയുന്നതായി കേൾക്കുവാൻ കഴിയും. ക്ഷുദ്രപ്രയോഗത്താലോ മനഃശ്ശക്തിനിമിത്തമോ ശ്ലീഹാ വെള്ളത്തുള്ളികൾ ആകാശത്തിൽ പൊക്കിനിറുത്തിയെന്നു ശ്ലീഹാ പ്രവർത്തിച്ച അത്ഭുതത്തിന് അവർ വ്യാഖ്യാനം കൊടുക്കുന്നുണ്ടാവാം. എങ്കിലും അവരാരും ആ സംഭവമോ അതേതുടർന്നുണ്ടായ പരിവർത്തനങ്ങളോ നിഷേധിക്കുന്നില്ല. കാളം മുതലായി വേന്മേനാട്ട് അടുത്തുള്ള ചില നമ്പൂതിരിമാർ "ഓത്തില്ലാ നമ്പൂതിരിമാരാ"ണെന്നും പ്രസിദ്ധമാണ്. "കണ്ടി, മുണ്ടം, കാളം, ചെങ്ങലം കൊണ്ടോടിയവരല്ലയോ" എന്നൊരു സംസാരം മററു നമ്പൂതിരിമാരുടെയിടയിൽ ഉള്ളതായും പറയപ്പെടുന്നു. ചെങ്ങലമന ഇന്നും പാവർട്ടിയിലുണ്ട്. മററു പല മനകളും ഇരുന്നിരുന്ന പറമ്പുകൾ അന്യാധീനപ്പെട്ടുപോയി.

പാലയൂരിൽ നടന്ന മഹാപരിവർത്തനത്തിനു ഹേതുഭൂതൻ പിൽക്കാലത്തു വല്ലപ്പോഴും പ്രത്യക്ഷനായ ഏതോ

ഒരു മഹാനാണെന്നു് വിചാരിക്കാവുന്നതല്ല. അതുസംബന്ധിച്ചുള്ള ശക്തിമത്തായ പാരമ്പര്യവും സ്മാരകലക്ഷ്യങ്ങളും മാർത്തോമ്മാശ്ലീഹായോടാണല്ലോ അതിനെ സ്പഷ്ടമായി ഘടിപ്പിക്കുന്നതു്. ഇത്ര വലിയ പരിവർത്തനം നടന്നതു പിൽക്കാലത്തു വല്ലപ്പോഴുമായിരുന്നെങ്കിൽ, ആ പരിവർത്തനത്തിൻെറ ഹേതുഭൂതനെ ആ പരിവർത്തനം ആരിൽ സംഭവിച്ചുവോ ആ ക്രിസ്ത്യാനികൾ ഒരു ശ്ലീഹാ ആയി ഒരു നാളും തെററിദ്ധരിക്കുകയില്ലായിരുന്നു. തോമ്മാശ്ലീഹായിക്കു കേരളത്തിൽ വന്നെത്തുവാനുണ്ടായിരുന്ന സാദ്ധ്യതകളെപ്പററി മുമ്പു പ്രസ്താവിച്ചവയും നാം ഇവിടെ അനുസ്മരിക്കേണ്ടതാണു്. പാലയൂരിൽ നടന്ന പരിവർത്തനത്തെപ്പററിയുള്ള പാരമ്പര്യത്തിനു പാലയൂരിൽ മാത്രമല്ല പ്രാബല്യം സിദ്ധിച്ചിട്ടുള്ളതു്. കേരളത്തിൽ എല്ലാ ഭാഗത്തും തമിഴ്നാട്ടിലും ഈ പാരമ്പര്യം സജീവമായി സംരക്ഷിക്കപ്പെടുന്നു. "ഇനിയത്തെ കുളി വേമ്പേനാട്ടു്" എന്നതു കേരളത്തിലെങ്ങും ഒരു പഴമൊഴിയായിത്തീർന്നിരിക്കയാണു്. തോമ്മാശ്ലീഹാ വെള്ളത്തുള്ളികൾ ആകാശത്തിൽ പൊക്കിനിറുത്തിയ വൃത്താന്തത്തിനു തമിഴരുടെയിടയിലും പ്രചാരം സിദ്ധിച്ചിട്ടുണ്ടു്. ആകയാൽ മാർത്തോമ്മാശ്ലീഹാ അല്ലാതെ മററാരുമല്ല പാലയൂരിൽ നടന്ന പരിവർത്തനത്തിന്നു ഹേതുഭൂതൻ.

കൊടുങ്ങല്ലൂർ, പറവൂർ ആദിയായ മററു സ്ഥലങ്ങളിൽ നടന്ന പരിവർത്തനങ്ങളെപ്പററി പ്രത്യേകമൊന്നും പ്രസ്താവിക്കേണ്ട ആവശ്യമില്ല; പാലയൂരിനെപ്പററിയുള്ള പഠനം ധാരാളം മതിയാവുന്നതാണു്. പാലയൂരാണല്ലോ നമ്മുടെ പ്രതിപാദ്യവിഷയവും.

## 3. പേർഷ്യാക്കാരും മററും

പേർഷ്യാക്കാരോ, മെസൊപ്പൊത്താമ്യക്കാരോ ആയിരിക്കാം കേരളത്തിൽ ആദ്യമായി സുവിശേഷം പ്രസംഗിച്ചതെന്നു ചിലർ ഊഹിക്കാറുണ്ട്. പക്ഷേ, പേർഷ്യാക്കാരും മെസൊപ്പൊത്താമ്യക്കാരും ഈ ഊഹത്തെ ഖണ്ഡിക്കുന്നു. എന്തുകൊണ്ടെന്നാൽ കേരളത്തിന്റെ ശ്ലീഹാ മാർത്തോമ്മാ ആണെന്നാണ് അവരുടേയും ദൃഢവിശ്വാസം. പേർഷ്യൻസഭയാലും മെസൊപ്പൊത്താമ്യൻ ("ബാബേൽ") സഭയാലും കേരളം മുൻകാലങ്ങളിൽ ഭരിക്കപ്പെട്ടിരുന്നു. ഈ സ്ഥിതിക്ക് ആ സഭാംഗങ്ങളിൽ ആരെങ്കിലുമാണ് കേരളത്തിൽ ആദ്യമായി സുവിശേഷം പ്രസംഗിച്ചതെങ്കിൽ കേരളസഭയുടെ സംസ്ഥാപകൻ തോമ്മാശ്ലീഹാ ആണെന്ന് ആ സഭകൾ ഒരു കാലത്തും സമ്മതിച്ചുകൊടുക്കുകയില്ലായിരുന്നു.

## 4. മൈലാപ്പൂരും മററു സ്ഥലങ്ങളും

പരമ്പരാഗതമായ നമ്മുടെ വിശ്വാസത്തിനു മകുടം ചാർത്തുന്ന ഒന്നാണ് മൈലാപ്പൂരിലുള്ള മാർത്തോമ്മാ ശ്ലീഹായുടെ കബറിടം. ശ്ലീഹായുടെ കബറിടം തങ്ങളുടെ മദ്ധ്യത്തിലാണെന്ന് അവകാശപ്പെടുന്നവരായി തെന്നിൻഡ്യക്കാരല്ലാതെ വേറൊരു ജനസഞ്ചയം ഭൂമുഖത്തില്ല. ഈ കബറിടം സ്ഥിതി ചെയ്യുന്ന സ്ഥലത്തെ "ബെത്തുമ്മാ" (തോമ്മായുടെ ഭവനം, ആസ്ഥാനം) എന്നു വി

ളിച്ചുകൊണ്ട് സാരസന്മാരും മററു അക്രൈസ്തവരും; സു റിയാ, പേർഷ്യാ, മെസൊപ്പൊത്താമ്യ, അമ്മേനിയാ, ഹൻഗറിമുതലായ സ്ഥലങ്ങളിൽനിന്നുള്ള ക്രൈസ്തവരും, മാർത്തോമ്മായുടെ കബറിടം സന്ദർശിക്കുവാൻ മൈലാപ്പൂരേയ്ക്കു വന്നിരുന്നതായി 16-ാം ശതാബ്ദത്തിനുമുമ്പുള്ള നിരവധി ചരിത്രരേഖകൾ സാക്ഷ്യം വഹിക്കുന്നു. ഇവരിൽ (വിദേശീയ)ക്രിസ്ത്യാനികളുടെ വിശ്വാസത്തിനാണ് നാം പ്രാധാന്യം കല്പിക്കേണ്ടിയിരിക്കുന്നത്. തീർത്ഥകരായി അവിടെ എത്തിയിരുന്നവർ മരിച്ചാൽ അവരെ സംസ്കരിക്കുന്നതിന് ഒരു ശ്മശാനസ്ഥലംപോലും മൈലാപ്പൂരിലുണ്ടായിരുന്നു. ഇതിൽനിന്നു തീർത്ഥകരുടെ ബാഹുല്യം നമുക്ക് ഏതാണ്ട് ഊഹിക്കാവുന്നതാണ്. മാർക്കോപ്പോളൊ, മരിഞ്ഞോളി മുതലായവർ മൈലാപ്പൂർ കബറിടത്തെപ്പററി പ്രതിപാദിക്കുന്നുണ്ട്. അവരുടെ കാലത്ത് മൈലാപ്പൂരിൽ നടന്ന അത്ഭുതങ്ങളേയും അവിടെ പ്രചരിച്ചിരുന്ന ഐതിഹ്യങ്ങളേയുംപററി അവർ ചിലതെല്ലാം രേഖപ്പെടുത്തിയിട്ടുമുണ്ട്. തോമ്മാശ്ലീഹായോടു ബന്ധപ്പെട്ട ആ സംഗതികളിൽനിന്ന് മദ്ധ്യശതാബ്ദങ്ങളിൽ മൈലാപ്പൂർ കബറിടത്തിനുണ്ടായിരുന്ന പ്രശസ്തിയും അതിൻെറ പുരാതനത്വവും എത്രമാത്രമാണെന്ന് ഏറെക്കുറെ നമുക്ക് ഊഹിക്കുവാൻ കഴിയും. കബറിടത്തിൽനിന്നെടുക്കുന്ന മണ്ണ് വെള്ളത്തിൽ കലക്കി "ഹനാൻവെള്ള"മായി ഉപയോഗിക്കുന്ന പതിവ് മാർക്കോപ്പോളോയുടെ കാലമായ 13-ാം ശതാബ്ദത്തിലുമുണ്ടായിരുന്നു. 16-ാം ശതാബ്ദത്തിൽ കേരളീയരുടെയിട

യിൽ ഈ പതിവുണ്ടായിരുന്നതായി 1599_ൽ നടന്ന ഉദയമ്പേരൂർ സൂനഹദോസു സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. ത്യശ്ശൂരുള്ള "സുറായികൾ" ഈ പതിവു് ഇന്നും ഉപേക്ഷിച്ചിട്ടില്ല. മൈലാപ്പൂർ കബറിടത്തിലെ മണ്ണു കലക്കിയ വെള്ളമാണു് വിവാഹച്ചടങ്ങുകളിൽ അവരുപയോഗിക്കുന്ന "ഹനാനാ".

മൈലാപ്പൂർക്കബറിടത്തെ സൂചിപ്പിക്കുന്നവയായി 12_ാം ശതാബ്ദത്തിനുമുമ്പുള്ള രേഖകൾ നമ്മുടെ കൈവശമില്ലാത്തതിനാൽ ആ കബറിടം മാർത്തോമ്മാശ്ലീഹായുടെ കബറിടമല്ലെന്നു ചിലർ വിചാരിക്കുന്നുണ്ടാവാം. എന്നാൽ രേഖ കാണുന്നില്ല എന്ന കാരണംനിമിത്തം ഒരു വസ്തുത—സുപ്രസിദ്ധമായ ഒരു വസ്തുത—നിഷേധിക്കുക സയുക്തികമല്ല. കൂടാതെയും, 12_ാം ശതാബ്ദത്തിനുമുമ്പുള്ള രേഖകൾ ഉണ്ടായിരുന്നാൽ അവയിൽനിന്നു ലഭിക്കുമായിരുന്ന തെളിവിനേക്കാൾ കൂടുതൽ ശക്തിമത്തായ തെളിവു വിദേശീയസുറിയാനിക്കാർ, അമ്മേന്ന്യർ മുതലായവരുടെ മനോഭാവത്തിൽനിന്നു ലഭിക്കുന്നുണ്ടെന്നു തുടന്നു പ്രസ്താവിക്കുവാനിരിക്കുന്നവ വിശദമാക്കുന്നതാണു്.

രണ്ടാം ശതാബ്ദത്തിലോ മൂന്നാം ശതാബ്ദത്തിലോ മാർത്തോമ്മാശ്ലീഹായുടെ അസ്ഥികൾ (പ്രധാന ഭാഗം) ഇൻഡ്യയിൽനിന്നു എഡേസ്സായിലേയ്ക്കു കൊണ്ടുപോകപ്പെട്ടു. [ഇപ്പോൾ അവ ഇററലിയിലുള്ള ഒത്തോനായിലാണു്. എഡേസ്സായിൽനിന്നു് കീയോസിലേയ്ക്കും അവിടെനിന്നു് ഒത്തോനായിലേയ്ക്കും മാററപ്പെടുകയാണുണ്ടായതു്.] ഖാബിൻ എന്ന ഒരു കച്ചവടക്കാരൻ അവ ഇൻ

ഡ്ഢ്യയിൽനിന്നു (എഡേസ്സായിലേയ്ക്കു) എടുത്തുകൊണ്ടു പോയതായി 373-ൽ മരണം പ്രാപിച്ച വിദേശീയസുറിയാനിക്കാരനും എഡേസ്സായിലെ ഡീക്കനുമായിരുന്ന വി. അപ്രേം പ്രസ്താവിക്കുന്നു. തോമ്മാശ്ലീഹാ രക്തസാക്ഷിയായി മരിച്ചതു ഇൻഡ്യയിലാണെന്നു വിദേശീയ സുറിയാനിക്കാരുടെ വൈദികപഞ്ചാംഗങ്ങളും കാനോനികജപങ്ങളും വിശദമായി പറയുന്നുണ്ട്. ഇൻഡ്യാരാജ്യത്തു കടൽത്തീരത്തുവച്ചു ശ്ലീഹാ കുന്തത്താൽ കുത്തപ്പെട്ടു എന്നാണ് കാനോനികജപത്തിലെസാക്ഷ്യം. ഈ ഇൻഡ്യയും വി. അപ്രേം പറയുന്ന ഇന്ത്യയും, വിദേശീയ സുറിയാനിക്കാക്ക് നമ്മുടെ ഇൻഡ്യ അല്ലാതെ വേറെ ഏതെങ്കിലും സ്ഥലമായിരുന്നില്ല. തോമ്മാശ്ലീഹാ മരിച്ച ഇൻഡ്യ നമ്മുടെ ഇൻഡ്യ അല്ലായിരുന്നെങ്കിൽ, ഖാബിർ ശ്ലീഹായുടെ അസ്ഥികൾ എടുത്തുമാററിയതു നമ്മുടെ ഇൻഡ്യയിൽനിന്നല്ലായിരുന്നെങ്കിൽ, വിദേശീയ സുറിയാനിക്കാർ ശ്ലീഹായുടെ കബറിടമന്വേഷിച്ചു മൈലാപ്പൂരിലേയ്ക്കു പുറപ്പെട്ടതു് എന്തുകൊണ്ട്? എന്തുകൊണ്ട് മററു രാജ്യക്കാരും വിദേശീയ സുറിയാനിക്കാരെ ഈ വിഷയത്തിൽ അനുഗമിച്ചു? വടക്കെ ഇൻഡ്യ, എത്തിയോപ്യ, അറേബ്യഫേലിക്സ്, പാത്ത്യാ മുതലായ രാജ്യങ്ങളാണല്ലോ മൈലാപ്പൂരിനെക്കാൾ അവക്കു കൂടുതൽ അറിയപ്പെട്ടിരുന്നതു്. തോമ്മാശ്ലീഹായുടെ കബറിടം പ്രസ്തുത രാജ്യങ്ങളിൽ ഏതിലെങ്കിലുമായിരുന്നെങ്കിൻ അവരാരും മൈലാപ്പൂരിലേയ്ക്കു് വരുന്നതല്ലായിരുന്നു. "തോമ്മാശ്ലീഹായുടെ നടപടികൾ" എന്ന ഗ്രന്ഥത്തെ ആസ്പദമാക്കി ശ്ലീഹായുടെ കബറിടം

വടക്കെ ഇൻഡ്യയിലാണെന്നു ചിലർ പറഞ്ഞുതുടങ്ങിയിട്ടുണ്ട്. എന്നാൽ ആ ഗ്രന്ഥം ആരുടെയിടയിൽ രചിക്കപ്പെട്ടവോ ആ വിദേശീയസുറിയാനിക്കാർ ശ്ലീഹായുടെ കബറിടമന്വേഷിച്ചു ഒരിക്കലും വടക്കെ ഇൻഡ്യയിൽ എത്തിയിരുന്നില്ല.

മൈലാപ്പൂർ തന്നെയല്ല, സമീപസ്ഥിതങ്ങളായ ചിന്നമലയും (Little Mount) പെരിയ മലയും (St. Thomas Mount-ആദംബാമല) തോമ്മാശ്ലീഹായാൽ പരിപാവനമാക്കപ്പെട്ടവയായി തദ്ദേശവാസികളും പരദേശികളും കരുതി വരുന്നു. ചിന്നമലയിൽവച്ചു ശ്ലീഹാ പ്രാൎത്ഥിക്കയും പ്രസംഗിക്കയും അത്ഭുതകരമായ ഒരു ഉറവ പാറയിൽനിന്ന് പുറപ്പെടുത്തുകയും ചെയ്തു എന്നാണ് സ്ഥലത്തെ പാരമ്പര്യം. പ്രസ്തുത ഉറവ ഇന്നും അവിടെയുണ്ട്. അതിനടുത്ത് പാറയിൽ കാണുന്ന സ്ലീബാ തോമ്മാശ്ലീഹാ തന്നെ കൊത്തിയതാണെന്നു പറയുന്നു. പെരിയമലയിൽ വച്ച് ശ്ലീഹാ രക്തസാക്ഷിമരണം കൈവരിച്ചു.

മററു വിദേശിയരെ അപേക്ഷിച്ച് അമ്മേനിയരാണ് (കത്തോലിക്കരും അകത്തോലിക്കരും) ഈ സ്ഥലങ്ങളെ കൂടുതൽ വണങ്ങിവരുന്നത്. ലോകത്തിൽ വേറെ എവിടെയെങ്കിലുമാണ് തോമ്മാശ്ലീഹാ തന്റെ അവസാനകാലം കഴിച്ചതെങ്കിൽ, എല്ലാസ്ഥലത്തും ചിതറിക്കിടക്കുന്ന അമ്മേനിയൻ ജനത ഈ സ്ഥലങ്ങളെ ഈ വിധത്തിൽ വണങ്ങുകയില്ലായിരുന്നു. ശ്ലീഹായുടെ അസ്ഥികൾ നിക്ഷേപിക്കപ്പെട്ട സ്ഥലമാകയാൽ എഡേസ്സായിക്ക് വലിയ പ്രാധാന്യമുണ്ടായിരുന്നെങ്കിലും, ശ്ലീഹായുടെ

കബറിടവും മററും തെന്നിൻഡ്ധ്യയുടെ കിഴക്കേ കടൽത്തീരത്താണെന്നു് അമ്മേനിയരും വിദേശീയസുറിയാനിക്കാരും മററാളുകളും വിശ്വസിച്ചതു എന്തു കൊണ്ടു്?

വിദേശിയസുറിയാനിക്കാരും അമ്മേനിയരും മാർത്തോമ്മാശ്ലീഹായോടു് പ്രത്യേകവിധം ഭക്തിപ്രദശിപ്പിക്കുന്നവരാണെന്നു് പ്രസിദ്ധമാണു്. വിദേശീയ കൽദായസുറിയാനിക്കാർ "വാൻ"തടാകത്തിൽ കൊല്ലം തോറും ഒരു നിശ്ചിതദിവസം സ്നാനം ചെയ്യാറുണ്ടു്. തോമ്മാശ്ലീഹാ തങ്ങളുടെ പൂർവ്വന്മാരെ മാമ്മോദീസാ മുക്കിയതിൻെറ ഓമ്മയാണു് ഈ വിധത്തിൽ അനുസ്മരിക്കപ്പെടുന്നതെന്നു അവർ പറയുന്നു. തോമ്മാശ്ലീഹായോടു അവക്കുള്ള പ്രത്യേക ബന്ധമാണല്ലോ ഈ ആചാരത്താൽ സൂചിപ്പിക്കപ്പെടുന്നതു്. ഇപ്രകാരം തോമ്മാശ്ലീഹായോടു തങ്ങൾക്കു പ്രത്യേകബന്ധമുണ്ടെന്നു് വിശ്വസിക്കുന്ന കൽദായസുറിയാനിക്കാരാണു് ("ബാബേൽ" സഭക്കാർ) കേരളസഭയെ 16-ാം ശതാബ്ദത്തിൻെറ അവസാനംവരെ ഭരിച്ചിരുന്നതു്. അതെ, ആ കൽദായ സുറിയാനിക്കാർ പോലും തോമ്മാശ്ലീഹായുടെ കബറിടം മൈലാപ്പൂരിലാണെന്നുവിശ്വസിക്കയും കേരളത്തിൻെറ ശ്ലീഹാ മാർത്തോമ്മായാണെന്നു് സമ്മതിക്കയും ചെയ്യുന്നു.

ഇപ്രകാരം മൈലാപ്പൂർക്കബറിടത്തേയും അതിനോടു അനുബന്ധപ്പെട്ട സ്ഥലങ്ങളേയും സംഭവങ്ങളേയും പററി ചിന്തിച്ചാൽ അതു തോമ്മാശ്ലീഹായുടെ കബറിടം തന്നെയാണെന്നു് നിണ്ണയിക്കുവാൻ നമുക്കു കഴിയുന്നതാണു്.

തോമ്മാശ്ലീഹാ കേരളത്തിൽ വന്നു് തങ്ങളുടെ പൂവ്വന്മാരെ മാനസാന്തരപ്പെടുത്തിയെന്നു സുദൃഢം വിശ്വസിക്കുന്ന കേരളനസ്രാണികൾ, തങ്ങളുടെ ശ്ലീഹായുടെ കബറിടം കേരളത്തിലെങ്ങുമല്ലെന്നു് പറയുകയും കേരളത്തിനു പുറത്തുള്ള തമിഴുനാട്ടിൽ അതു സ്ഥിതി ചെയ്യുന്നു എന്നു സമ്മതിക്കയും ചെയ്യുന്നതു് എന്തുകൊണ്ടു്? തോമ്മായുടെ കേരളപ്രവേശം ഒരു കെട്ടുകഥയാണെങ്കിൽ തോമ്മായുടെ കബറിടവും കേരളത്തിൽതന്നെ സ്ഥാപിക്കുവാൻ കേരളീയർ ബദ്ധപ്പെടുമായിരുന്നില്ലയോ?

"മാത്തോമ്മാശ്ലീഹാ തെക്കെ ഇന്ത്യയിൽ കിഴക്കെ കടൽത്തീരത്തു സംസ്കരിക്കപ്പെട്ടു" എന്നാണു് "മൈലാപ്പൂർക്കബറിടം" എന്നതിനു കൊടുക്കേണ്ട അത്ഥം. ആ കബറിടം മൈലാപ്പൂർപ്രദേശത്തു് എവിടെയെങ്കിലും ഒരിടത്താണു് സ്ഥിതി ചെയ്യുന്നതു്. കബറിടത്തിൻെറ സ്ഥാനം സസൂക്ഷ്മം നിണ്ണയിക്കുവാൻ സാധിക്കുമോ അഥവാ സാധിച്ചിട്ടുണ്ടോ എന്ന കായ്യത്തെപ്പററി ഇവിടെ ചിന്തിക്കേണ്ട ആവശ്യമില്ല.

മൈലാപ്പൂർക്കബറിടത്തെസംബന്ധിച്ചു് കേൾക്കാറുള്ള ചില ആക്ഷേപങ്ങളെപ്പററി തുടൎന്നു പ്രസ്താവിക്കാം.

a) കബറിടത്തിൻെറ സ്ഥാനം നിണ്ണയിച്ചതിൽ പോട്ടുഗീസുകാക്കു തെററു വന്നിരിക്കണം. ശ്ലീഹായുടെ അസ്ഥികളെന്നു കരുതി വേറെ ആരുടേയോ അസ്ഥികൾ അവർ എടുത്തു സൂക്ഷിക്കുവാൻ ഇടവന്നിട്ടുണ്ടു്. ഇപ്രകാരമുള്ള ആരോപണങ്ങൾ മൈലാപ്പൂർക്കബറിടത്തിൻെറ പ്രാധാന്യം നശിപ്പിക്കുവാൻ പയ്യാപ്തമാണെന്നു ചിലർ കരുതുന്നു.

പോർട്ടുഗീസുകാക്ക മേൽപറഞ്ഞ തെററുകഠം വന്നെങ്കിൽ ആ തെററുകഠം മൈലാപ്പൂർക്കബറിടംസംബന്ധിച്ചുള്ള പരമ്പരാഗതമായ വിശ്വാസത്തേയോ ആ കബറിടത്തിൻെറ യാഥാത്ഥ്യത്തേയോ സ്പശിക്കുന്നില്ലെന്നു സ്വയം വിശദമാണ്. ഇത്രമാത്രമേ ഇതുസംബന്ധിച്ചു പറയേണ്ടതുള്ളു.

b) ശ്ലീഹാ മരിച്ചതു "കലമീനാ"യിലാണെന്നു ചില വിദേശീയരേഖകളിൽ കാണുന്നതിനാൽ മൈലാപ്പൂർക്കബറിടത്തിന് സ്ഥാനമില്ലാതാകുന്നു എന്നാത്രേ വേറെ ചിലരുടെ വാദം. "കലമീനാ" അവരുടെ ഭൂപടങ്ങളിലൊന്നിലും കാണുന്നുമില്ല!

സ്ഥലനാമങ്ങഠംക്കു വന്നുകൊണ്ടിരിക്കുന്ന വ്യത്യാസങ്ങളേയോ, ഇൻഡ്യൻ നാമങ്ങഠം വിദേശീയരുടെ ചെവിയിൽ കയറിയിറങ്ങുമ്പോഠം അവയ്ക്കുണ്ടാകാറുള്ള വ്യതിയാനങ്ങളേയോ, ഒരേ ഒരു സ്ഥലത്തിനുതന്നെയുണ്ടാകാറുള്ള വിവിധ നാമങ്ങളേയോ, മററിപ്പോലെയുള്ള സംഗതികളേയോപററി ചിന്തിക്കാതെ "കലമീനാ" എന്ന ശബ്ദത്തിൽ മാത്രം ശ്രദ്ധ പതിച്ചുകൊണ്ട് അതു മൈലാപ്പൂരോ അടുത്തുള്ള ഏതെങ്കിലും പ്രദേശമോ അല്ലെന്നു വിധി പറയുക യുക്തിപൂർവ്വകമായ ഒരു പ്രവൃത്തിയല്ലെന്നു സ്പഷ്ടമാണ്. ഒരു പ്രത്യേക സ്ഥലത്തെക്കുറിക്കുന്നതിന് അടുത്തുള്ള ഏതെങ്കിലും സ്ഥലത്തിൻെറ പേരു പറയുക അസാധാരണമല്ല. പുരാതനങ്ങളായ പല സ്ഥലനാമങ്ങളും ഭൂപടത്തിൽനിന്ന് അശേഷം മാഞ്ഞുപോയിട്ടുമുണ്ട്.

ശ്ലീഹായുടെ കബറിടം സ്ഥിതി ചെയ്തിരുന്ന സ്ഥലത്തിൻെറ പേരിനല്ല, ആ സ്ഥലത്തിനാണ് പ്രാധാന്യം. പേരു് എന്തെങ്കിലുമാവട്ടെ: കബറിടമന്വേഷിച്ച് മേൽ പ്രസ്താവിച്ച വിദേശീയർ തെന്നിന്ത്യയുടെ കിഴക്കെ കടൽത്തീരത്ത് മൈലാപ്പൂർ എന്നു നമ്മൾ വിളിക്കുന്ന സ്ഥലത്തേയ്ക്കാണല്ലൊ തീർത്ഥയാത്ര കഴിച്ചിരുന്നതു്. "കലമീനാ" അന്വേഷിച്ച് അവരാരും വേറൊരു സ്ഥലത്തേയ്ക്കും പോയിരുന്നില്ല. ആകയാൽ "കലമീനാ"യാൽ ഉദ്ദേശിക്കപ്പെടുന്നതു് മൈലാപ്പൂർപ്രദേശമാവാതെ നിവൃത്തിയില്ല. ഈ സ്ഥിതിക്കു "കലമീനാ" എന്ന പേരു് എങ്ങിനെയുണ്ടായി എന്നു് അന്വേഷിക്കുന്നതിനു പകരം, മൈലാപ്പൂരിൻെറ പ്രാധാന്യമില്ലാതാക്കുവാൻ "കമലീനാ"വാദവുംകൊണ്ടു പുറപ്പെടുക പണ്ഡിതോചിതമല്ല.

c) മൈലാപ്പൂരിലെ കബറിടം ഒരു മഹമ്മദീയൻെറ ആണെന്നു് 13-ാം ശതാബ്ദത്തിൽ മഹമ്മദീയർ മാർക്കോപ്പോളൊയോടു് പറഞ്ഞുവത്രേ. ആ മഹമ്മദീയൻെറ മരണംസംബന്ധിച്ച് അവർ പറഞ്ഞ വൃത്താന്തങ്ങൾ തോമ്മാശ്ലീഹായുടെ മരണംസംബന്ധിച്ചുള്ള വൃത്താന്തങ്ങളിൽനിന്നു വ്യത്യസ്തങ്ങളുമായിരുന്നു. ഗോപികളുടെ അസ്ത്രമേററാണുപോലും ആ മഹമ്മദീയൻ മൃതിയടഞ്ഞതു്. ഗോപിവംശം അന്നും അവിടെയുണ്ടായിരുന്നു. അവരും ഈ വൃത്താന്തം ആവർത്തിച്ചിരുന്നുവത്രേ.

ഒരു മഹമ്മദീയൻെറ കാര്യത്തിൽ ഇപ്രകാരമെല്ലാം സംഭവിച്ചിരിക്കാം. ആ മഹമ്മദീയൻെറ കബറിടം ഒരു പക്ഷേ തോമ്മാശ്ലീഹായുടെ കബറിടംതന്നെയായിരുന്നെന്നു്


മഹമ്മദീയർ വിചാരിച്ചിരിക്കുവാനും പാടില്ലാത്തതല്ല. മഹമ്മദീയനെക്കുറിച്ചുണ്ടായിരുന്ന വിവരങ്ങൾ ശ്ലീഹായുടെ കബറിടവുമായി കൂട്ടിക്കുഴക്കുവാൻ സംഗിതിയായെന്നും വരാം. ശ്ലീഹായെ തങ്ങളുടെ സ്വന്തമാക്കുവാൻവേണ്ടി മഹമ്മദീയർ നടത്തിയപരിശ്രമങ്ങൾ പ്രസ്തുത വൃത്താന്തങ്ങളായി പരിണമിച്ചിരിക്കുവാനും ഇടയുണ്ട്.

എങ്ങിനെയായാലും ക്രിസ്ത്യാനികളുടെ അനുസ്യൂതമായ പാരമ്പൎയ്യത്തിനും തദനുസൃതമായ പ്രവൃത്തിക്കുമാണല്ലൊ ഇവിടെ പ്രാധാന്യം കല്പിക്കേണ്ടതു്. മഹമ്മദുമതം ഉണ്ടാകുന്നതിനു വളരെമുമ്പു് ശ്ലീഹായുടെ അസ്ഥികൾ ഇൻഡ്യയിൽ നിന്നു നീക്കപ്പെട്ടതായി വി. അപ്രേം സാക്ഷിക്കുന്നു. വി. അപ്രേമിന്റെ ഇൻഡ്യയും വി. അപ്രേം ഉൾപ്പെട്ട വിദേശീയ സുറിയാനിക്കാർ തോമ്മാശ്ലീഹായുടേതായി വിശ്വസിച്ചിരുന്ന ഇൻഡ്യയും ഒന്നുതന്നെയാണു്. മാൎത്തോമ്മാ മരിച്ച ഇൻഡ്യ ഏതാണെന്നു അറിഞ്ഞിരുന്നവരാണു് അൎമ്മേനിയരും മററുരാജ്യക്കാരായ ക്രിസ്ത്യാനികളും. ഈ സ്ഥിതിക്കു ഇൻഡ്യയിൽനിന്നു ശ്ലീഹായുടെ അസ്ഥികൾ മാററിയശേഷം വളരെക്കഴിഞ്ഞുത്ഭവിച്ച മഹമ്മദുമതത്തിന്റെ ഒരു അനുയായി സംസ്കരിക്കപ്പെട്ട കബറിടം മൈലാപ്പൂരിൽ പ്രസിദ്ധിയുള്ളതായിതീൎന്നതോടെ അതു തോമാശ്ലീഹായുടെ കബറിടമാണെന്നുവിശ്വസിച്ചു് വിദേശീയ സുറിയാനിക്കാരും, അൎമ്മേനിയരും ഇതരരാജ്യക്കാരും അവിടേയ്ക്കു ഓടിക്കൂടിയിരുന്നൊന്നു വിശ്വസിക്കുക കേവലം അസാദ്ധ്യം തന്നെ. ആകയാൽ മാൎക്കോപോളൊയെ മഹമ്മദീയർ അറിയിച്ച

തായി പറയുന്ന സംഗതികൾ തോമ്മാശ്ലീഹായുടെ കബ റിടത്തോടു യഥാൎത്ഥത്തിൽ ബന്ധപ്പെട്ടിരിക്കുവാൻ ഇ ടയില്ല.

മൈലാപ്പൂരിൽ ക്രിസ്ത്യാനികളുടെ ശക്തി ക്ഷയിച്ച പ്പോൾ ശ്ലീഹായുടെ കബറിടം മഹമ്മദീയരുടെ സൂക്ഷ ത്തിലാകുവാൻ ഇടവന്നിട്ടുണ്ട്. അതേ തുടൎന്നു ആ കബ റിടത്തിനു അവർ ഒരു മഹമ്മദീയഛായ കൊടുത്തിരിക്കു വാനിടയുണ്ട്. ഇപ്രകാരം വല്ലതുമായിരിക്കാം മേൽപ്പറ ഞ്ഞവയ്ക്കുള്ള ആധാരം. മൈലാപ്പൂരിലെ സാക്ഷാൽ ക ബറിടം ഒരു മഹമ്മദീയൻെറ ആയിരുന്നെങ്കിൽ തോ മ്മാശ്ലീഹായെ സംബന്ധിക്കുന്ന ക്രിസ്തീയങ്ങളായ ഐ തിഹ്യങ്ങൾ അവിടെ പ്രചരിക്കുകയാവട്ടെ മരിഞ്ഞൊളി മുതലായവർ അവ രേഖപ്പെടുത്തുകയാവട്ടെ ചെയ്യുകയി ല്ലായിരുന്നു.

ഈദൃശങ്ങളായ "ആക്ഷേപങ്ങളെ" ന്യായങ്ങളാക്കി പൊക്കിപ്പിടിച്ചുകൊണ്ടു് തോമ്മാശ്ലീഹാ കേരളത്തിൽ വ ന്നിട്ടില്ലെന്നും മൈലാപ്പൂർ കബറിടത്തിനു പ്രാധാന്യമി ല്ലെന്നും വാദിക്കുന്നവർ സംഭവങ്ങളുടെ പ്രധാന ഭാഗം മുഴുവനും മറച്ചുവച്ചശേഷം നിസ്സാരകാൎയ്യങ്ങൾ കോട്ടിവ ളച്ചു യുക്തിവാദം ചെയ്യുന്ന ഒരുതരം വിമൎശകരോ ചരിത്ര കാരന്മാരോ ആണെന്നു സവ്യസനം പറയേണ്ടിയിരിക്കു ന്നു. ഉദിച്ചുയൎന്നു നില്ക്കുന്ന സൂൎയ്യനെ കാണിച്ചുകൊണ്ടു പകലാണെന്നു പറയുന്നവൎക്കെതിരായി ഇരുൾ നിറഞ്ഞ ഗുഹകളിലേയ്ക്കു മാത്രം നോക്കിക്കൊണ്ടു് പകലല്ല, രാത്രി യാണ് എന്നു സമൎത്ഥിക്കുവാൻ ബദ്ധപ്പെടുന്നവരെപ്പ റ്റി എന്തു പറയട്ടെ!



പാലയൂർ പള്ളിയുടെ വടക്കുഭാഗം. ഇററലിയിൽ കാപ്പുവാ സ്വദേശിയായിരുന്ന ഫാദർ ഫെനീച്ചിയോ എസ്. ജെ മരംകൊണ്ടുണ്ടാക്കപ്പെട്ടിരുന്നതും വളരെ പഴക്കം ചെന്നിരുന്നതുമായ (പഴയ ശിവക്ഷേത്രമായിരുന്നിരിക്കണം) ദേവാലയത്തിന്റെ ചുററുമായി 1607-ൽ കെട്ടിപ്പൊക്കിയതു്. അന്നത്തേതിൽനിന്നു് കാര്യമായ വ്യത്യാസങ്ങളൊന്നും ഇതിന്മേൽ ചെയ്തതായി കാണുന്നില്ല.

# 5. നമ്മുടെ പാരമ്പര്യം.

കേരളചരിത്രവും കേരളപാരമ്പര്യങ്ങളും സ്ഥലത്തു വന്നു പഠിക്കാതെ വിദേശീയരായ ചില ഗ്രന്ഥകാരന്മാരുടെ സൂക്ഷ്മങ്ങളല്ലാത്ത ചില പ്രസ്താവനകളെ ആസ്പദമാക്കി ദൂരെയിരുന്നു ചരിത്രമെഴുതുന്നവരും അവരെ അനുകരിക്കുന്നവരും മാത്രമേ മാർത്തോമ്മാശ്ലീഹാ കേരളത്തിൽ വന്നിട്ടില്ലെന്നും മൈലാപ്പൂരിൽ സംസ്കരിക്കപ്പെട്ടില്ലെന്നും അഭിപ്രായപ്പെടുവാൻ ധൈര്യപ്പെടുകയുള്ളു.

പരമ്പരാഗതമായ നമ്മുടെ വിശ്വാസം വെറും കെട്ടുകഥയാണെന്നാണ് ചിലരുടെ വിചാരം. അതൊരു കെട്ടുകഥയാണെങ്കിൽ, പാലയൂരിനെ സംബന്ധിച്ചിടത്തോളം നമ്പൂതിരിമാരും നസ്രാണികളുംകൂടി ഒത്തൊരുമിച്ചായിരിക്കണം അതു കെട്ടിയുണ്ടാക്കിയത്. കാരണം, ഇരുകൂട്ടൎക്കും അതിൽ പങ്കുണ്ട്; ഇരുകൂട്ടരും ഒന്നുപോലെ അത് സ്വന്തമാക്കിയിട്ടുമുണ്ട്. തങ്ങൾക്കു ആക്ഷേപകരമായ ഒരു കഥ കെട്ടിയുണ്ടാക്കുവാൻ നമ്പൂതിരിമാർ ആക്ഷേപഹേതുകരായ നസ്രാണികളെ കൂട്ടുപിടിച്ചു എന്നാണല്ലൊ ഇതിന്റെ അൎത്ഥം. ഇതും പോരാ. ആ കെട്ടുകഥയ്ക്കു് ആധാരമായി നമ്പൂതിരിമാർ പാലയൂരും, അമ്പലങ്ങളുൾപ്പെടെ അവിടെയുണ്ടായിരുന്ന സമസ്തവും ഉപേക്ഷിച്ചു് ആ സ്ഥലം ഒരു പള്ളി വയ്ക്കുവാൻ നസ്രാണികൾക്കു് വിട്ടുകൊടുത്തുവെന്നും സമ്മതിക്കേണ്ടിവരും. നസ്രാണികൾ ഇതുകൊണ്ടും തൃപ്തിപ്പെട്ടില്ല. തെന്നിന്ത്യാക്കാരായ മററുചിലരോടു യോജിച്ചുകൊണ്ടു് മൈലാപ്പൂരിൽ ഒരു കബറിടം തയ്യാറാക്കി അതു തോമ്മാശ്ലീഹായുടേതാ

ണ്ണെന്നു് അവർ പറഞ്ഞുപരത്തി! വാസ്തവത്തിൽ തോമ്മാശ്ലീഹാ മരിച്ചു. സംസ്കരിക്കപ്പെട്ട സ്ഥലത്തെപ്പററി അടുത്തറിയുവാൻ കഴിവുണ്ടായിരുന്ന തിത്ഥകർത്താവും നസ്രാണികളുടെ ഈ ജാലവിദ്യയ്ക്കു വഴിപ്പെട്ടുപോയി! അസംഭവ്യങ്ങളായ ഈ അനുമാനങ്ങൾ സ്വീകരിക്കുവാൻ തയ്യാറുള്ളവർ മാത്രമേ നമ്മുടെ പാരമ്പര്യത്തെ ഒരു കെട്ടുകഥയായി തള്ളുവാൻ ബദ്ധപ്പെടേണ്ടതുള്ളു.

ചെമ്പുപട്ടയങ്ങളേയും, ശിലാരേഖകളേയും അതിശയിക്കുന്നതും മാംസളമായ മനുഷ്യഹൃദയത്തിൽ ആലേഖനം ചെയ്തിട്ടുള്ളതും ആയ നമ്മുടെ പാരമ്പര്യത്തെ സജീവമായി സംവഹിക്കുന്ന മനുഷ്യരാശികളുടെ ഒരു മഹൽസഞ്ചയമാണു്, സുറിയാനി ക്രിസ്ത്യാനികൾ എന്നുകൂടിയും അറിയപ്പെടുന്ന കേരളത്തിലെ മാർത്തോമ്മാനസ്രാണികൾ. അഭ്യന്തരകലഹം നിമിത്തം ഞാൻ അപ്പോളൊയുടെയാണു്, ഞാൻ പൌലോസിൻെറയാണു്, ഞാൻ കേപ്പായുടെയാണു്, ഞാൻ മ്ശിഹായുടെയാണു എന്നിങ്ങനെ കൊറീന്ത്യർ പറയുവാൻ ഇടവന്നിട്ടുണ്ടെങ്കിലും, ഒരു ശ്ലീഹായുടെ നാമത്തിൽ നാളിതുവരെ അറിയപ്പെട്ടുകൊണ്ടിരിക്കുന്ന ഒരു ക്രിസ്തീയജനത കേരളത്തിലല്ലാതെ വേറൊരിടത്തുമില്ലെന്നുള്ള വസ്തുത മാർത്തോമ്മാനസ്രാണികൾക്കു് വാസ്തവത്തിൽ അഭിമാനകരംതന്നെ, സംശയമില്ല. അനിഷേധ്യങ്ങളും ചരിത്രപരങ്ങളുംആയ സ്മാരകലക്ഷ്യങ്ങൾ, ആചാരവിശേഷങ്ങൾ, പ്രബലമായ പാരമ്പര്യം ആദിയായവയാണു് ഈ നാമധേയത്തിൻെറ അടിസ്ഥാനം. തല്പരകക്ഷികളായ വിദേശീയരുടെ മനോഭാവവും പ്ര

വൎത്തനരീതിയും ഈ അടിസ്ഥാനത്തെ അടിച്ചുറപ്പിച്ചു കൊണ്ടു് നിലകൊള്ളുന്നു.

ആകയാൽ മാൎത്തോമ്മാനസ്രാണികളായ നമ്മളോ, നമ്മുടെ പൂൎവ്വന്മാരോ വഞ്ചിക്കപ്പെട്ടിട്ടില്ല. മാൎത്തോമ്മാശ്ലീഹാതന്നെയാണു് സുവിശേഷംകൊണ്ടു് മ്ശിഹായിൽ നമ്മെ ജനിപ്പിച്ചതു്. ആ വിശുദ്ധൻെറ ശ്ലീഹാസ്ഥാനത്തിൻെറ മുദ്രയാണു് മാൎത്തോമ്മാനസ്രാണികളായ നമ്മൾ.

# II

പാലയൂർപ്പള്ളിയെപ്പററി പ്രസ്താവിക്കുന്നതിനുമുമ്പായി മാൎത്തോമ്മാനസ്രാണികളുടെ (സുറിയാനിക്രിസ്ത്യാനികളുടെ) ഇതഃപൎയ്യന്തമുള്ള ഒരു ചുരുങ്ങിയ ചരിത്രം സ്വല്പം വിവരിച്ചു പറയുക വളരെ ഉപകാരപ്രദമായിരിക്കും.

കേരളസഭയുടെ ഒന്നാമത്തെ മെത്രാൻ മാൎത്തോമ്മാശ്ലീഹാ ആയിരുന്നു എന്നതിൽ സംശയമില്ല. ശ്ലീഹായിൽനിന്നു് അഭിഷേകം പ്രാപിച്ചവരായിരുന്നിരിക്കണം തുടൎന്നു് സഭാഭരണം നിൎവ്വഹിച്ചതു്. നാലാം ശതാബ്ദത്തിലും ഒമ്പതാം ശതാബ്ദത്തിലും വിദേശീയസുറിയാനിക്കാർ കൊടുങ്ങല്ലൂരിലും കൊല്ലത്തും കുടികയറി പാൎത്തതായി പാരമ്പൎയ്യം ഘോഷിക്കുന്നു. വിദേശത്തുനിന്നു് വേറേയും കുടികയററങ്ങൾ ആദിമശതാബ്ദങ്ങളിൽ ഉണ്ടായിരുന്നിരിക്കാം. കേരളസുറിയാനിക്കാരിൽ ഒരു വിഭാഗമായ "തെക്കുംഭാഗരുടെ" ഉത്ഭവം നാലാം ശതാബ്ദത്തിലെ കുടികയററത്തോടെയാണെന്നു് വിശ്വസിക്കപ്പെടുന്നു.

വിദേശീയരോടുണ്ടായിരുന്ന ബന്ധംനിമിത്തമോ എന്തോ, പേഷ്യൻസഭയാൽ നിയുക്തരായ മെത്രാന്മാർ ഇന്ത്യയിൽ (കേരളത്തിലും) ഭരണം നടത്തിത്തുടങ്ങി. പേഷ്യാ "ബാബേൽ"ക്കീഴും, "ബാബേൽ" അന്തിയോക്യാക്കീഴും, അന്തിയോക്യാ റോമാക്കീഴും വർത്തിച്ചിരുന്നു. പേഷ്യായും "ബാബേലും", "ബാബേലും" അന്തിയോക്യായും തമ്മിലുണ്ടായ അകൽച്ചനിമിത്തം "ബാബേലിൽ" നിന്നും അന്തിയോക്യായിൽനിന്നും 12-ാം ശതാബ്ദത്തിനു മുമ്പ് ഇന്ത്യയിലേയ്ക്കു മെത്രാന്മാരെ അയച്ചിരുന്നതായി കാണുന്നുണ്ട്. 13-ാം ശതാബ്ദത്തിൻെറശേഷം കിഴക്കൻ പ്രദേശങ്ങളിലേയ്ക്ക് അന്തിയോക്യാ അയച്ച മെത്രാന്മാരെപ്പററി യാതൊന്നും നമുക്കറിവില്ല. 16-ാം ശതാബ്ദത്തിൻെറ അവസാനംവരെ "ബാബേൽ"ക്കാരായ കൽദായസുറിയാനിമെത്രാന്മാർ കേരളസഭയെ ഭരിച്ചുവന്നു. "ബാബേൽ"സഭയിൽ ചില അബദ്ധസിദ്ധാന്തങ്ങൾ നുഴഞ്ഞുകയറിയിരുന്നെങ്കിലും ആ സഭ റോമ്മാമാപ്പാപ്പായുടെ പരമാധികാരം സ്വീകരിക്കയും റോമ്മാമാപ്പാപ്പായിക്കു സ്വയം വിധേയമാണെന്നു് ഏററുപറയുകയുമാണ് അക്കാലമത്രയും ചെയ്തിരുന്നതു്.

16-ാം ശതാബ്ദത്തിൽ പോർട്ടുഗീസുകാർ കേരളത്തിൽ വന്നു. സുറിയാനിക്കാരെ ലത്തീൻകാരാക്കുവാനും പോർട്ടുഗീസ് ലത്തീൻഭരണം അവരുടെമേൽ സ്ഥാപിക്കുവാനും പോർട്ടുഗീസുകാർ ശ്രമം തുടങ്ങി. ലത്തീൻറീത്തനുസരിച്ച് നോമ്പ് ആചരിക്കുവാനും മററും പോർട്ടുഗീസുകാരുടെ നിർബ്ബന്ധമുണ്ടായപ്പോൾ കൊടുങ്ങല്ലൂർ,

കൊച്ചി മുതലായ സ്ഥലങ്ങളിൽനിന്ന് സുറിയാനിക്കാർ മലംപ്രദേശങ്ങളിലേയ്ക്ക് ഓടി രക്ഷ പ്രാപിച്ചു. 16-ാം ശതാബ്ദത്തിന്റെ അവസാനത്തോടെ ചരിത്രപ്രസിദ്ധമായ ഉദയംപേരൂർ സൂനഹദോസിന്റെശേഷം പോർട്ടുഗീസുകാർ സുറിയാനിക്കാരെ ഭരിക്കുവാൻ തുടങ്ങി. ആദ്യം അങ്കമാലിയും പിന്നീട് കൊടുങ്ങല്ലൂരും ആയിരുന്നു പോർട്ടുഗീസ് വൈദികാദ്ധ്യക്ഷന്മാരുടെ ആസ്ഥാനം. പോർട്ടുഗീസുകാർ സ്ഥാപിച്ച കൊച്ചിരൂപതയിലും കുറച്ചു സുറിയാനിക്കാരുണ്ടായിരുന്നു. ഈ അവസ്ഥ അധികനാളും നീണ്ടുനിന്നില്ല.

പോർട്ടുഗീസുഭരണത്തോടുണ്ടായ അതൃപ്തിനിമിത്തം പോർട്ടുഗീസുമെത്രാനെ (പൌലിസാമെത്രാനെ) അനുസരിക്കയില്ലെന്ന് മട്ടാഞ്ചേരിയിലുള്ള കൂനൻകുരിശിങ്കൽ വെച്ച് 1653-ൽ സുറിയാനിക്കാർ സത്യം ചെയ്തു.

കൂനൻകുരിശുസത്യത്തിൽ പങ്കെടുത്തവരിൽ ഒരു ഭാഗം കാലാന്തരത്തിൽ യാക്കോബായക്കാരായിത്തീരുകയും അന്തിയോക്യാസുറിയാനിറീത്തു സ്വീകരിക്കുകയും ഉണ്ടായി. "പുത്തൻകൂറുകാർ" എന്നറിയപ്പെട്ടുതുടങ്ങിയ ഇവരിൽനിന്ന് അഞ്ഞൂർക്കാരും, മാർത്തോമ്മാക്കാരും, സുറിയാനി, സി. എം. എസ്. മുതലായ വിഭാഗക്കാരും ഉണ്ടാകുവാൻ ഇടവന്നു.

യാക്കോബായ വിശ്വാസം സ്വീകരിക്കാതെ പഴയ വിശ്വാസവും പഴയ കൽദായസുറിയാനിറീത്തും പാലിച്ചവരാണ് "പഴയ കൂറുകാർ". കൂനൻകുരിശുസത്യത്തെ തുടന്ന്, സത്യത്തിൽ ചേരാതിരുന്നവരുൾപ്പെടെ, അവ

റിൽ ചിലർ കൊടുങ്ങല്ലൂരധികാരത്തിന്നു വിധേയരായി വ ൎത്തിച്ചു. മറ്റുചിലർ മാർപ്പാപ്പായുടെ പക്കൽനിന്ന് ഇററാല്യനായ ജോസഫ് സെബസ്ത്യാനി എന്ന കർമ്മലീത്തനെ വരുത്തി അദ്ദേഹത്തിന് കീഴ്പ്പെട്ടു നിന്നു. ജോസഫ് സെബസ്ത്യാനി കൊടുങ്ങല്ലൂർ അതിരൂപതയുടെ അഡ്മിനിസ്ത്രേറ്റർ ആയതോടെ എല്ലാവരുംതന്നെ അദ്ദേഹത്തിന്റെ കീഴായിത്തീൎന്നു. അദ്ദേഹം കേരളം വിട്ടപ്പോൾ പറമ്പിൽ ചാണ്ടിമെത്രാൻ (കുറവിലങ്ങാട്ട് ഇടവക) മലബാറിന്റെ വികാരി അപ്പസ്തോലിക്ക ആക്കപ്പെട്ടു. അങ്ങിനെ കത്തോലിക്കാസുറിയാനിക്കാരെല്ലാവരുംതന്നെ അദ്ദേഹത്തിന്നു വിധേയരായി. അന്നു കൊടുങ്ങല്ലൂരധികാരം നിറുത്തലാക്കപ്പെട്ടിരുന്നില്ല. തന്നിമിത്തം കൊടുങ്ങല്ലൂരേയ്ക്കു നിയമിതനായ മത്തായി അക്കിദിയാക്കോനെ (കുറവിലങ്ങാട്ട് ഇടവക) ചാണ്ടി മെത്രാൻ മരിച്ചശേഷം കത്തോലിക്കാസുറിയാനിക്കാർ എല്ലാവരും തന്നെ ആദരിച്ചതായി കാണുന്നു.

ചാണ്ടി മെത്രാന്റെ പിൻഗാമികളായി വന്ന മലബാർ വികാരി അപ്പസ്തോലിക്കന്മാരെല്ലാം ലത്തീൻകാരായിരുന്നു. അവരുടെ ആസ്ഥാനം വരാപ്പുഴയിൽ ഉറപ്പിക്കയാൽ വരാപ്പുഴ വികാരിഅപ്പസ്തോലിക്കന്മാർ എന്നും അവൎക്ക പേരുണ്ടായി.

ഡച്ചുകാരുടെ ശല്യംനിമിത്തം വരാപ്പുഴയധികാരം വിപുലമായിത്തീരുകയും കൊച്ചിയിലേയ്ക്കും കൊടുങ്ങല്ലൂരേയ്ക്കും അതു വ്യാപിക്കുകയും ചെയ്തു. തന്നെയുമല്ല, കൊച്ചി

കൊടുങ്ങല്ലൂർ എന്നീ സ്ഥലങ്ങളിലെ ഭരണാധികാരികൾ സ്ഥലം വിട്ടേണ്ടതായും വന്നു. കൊടുങ്ങല്ലൂർ ഭരണാധികാരികൾ അവരുടെ ആസ്ഥാനം പുത്തൻചിറയ്ക്കു മാററി.


കരിയാററിൽ മാർ യൌസേപ്പു മെത്രാപ്പോലീത്താ, പാറേമ്മാക്കൽ തോമ്മാക്കത്തനാർ, ശങ്കുരിക്കൽ ഗീവർഗ്ഗീസുകത്തനാർ എന്നീ കത്തോലിക്കസുറിയാനിക്കാരാക്കന്മാർ കൊടുങ്ങല്ലൂർ അതിരൂപതയുടെ ഭരണകർത്താക്കളായിത്തീർന്നിട്ടുണ്ട്. (1782—1802). ഇവരുടെ കാലത്തു കത്തോലിക്കസുറിയാനിക്കാരെല്ലാവരുംതന്നെ കൊടുങ്ങല്ലൂർ ഭരണത്തെയാണു് ആദരിച്ചിരുന്നതു്. പാറേമ്മാക്കൽ തോമ്മാക്കത്തനാർ മരിച്ചശേഷം (1799) (മെസൊപ്പൊത്താമ്യയിൽ പോയി പട്ടമേററ) പുത്തൻചിറ ഇടവക പണ്ടാരി പൌലോസു എന്ന മെത്രാൻെറ പ്രേരണനിമിത്തം തെക്കൻ ദിക്കിലുണ്ടായ അസ്വസ്ഥത നീണ്ടുനില്ക്കുവാനിടവന്നില്ല.

1838 മുതൽ ഏകദേശം 1863 വരെ കൊടുങ്ങല്ലൂർ ഭരണം (കൊച്ചിഭരണവും) നിറുത്തലാക്കപ്പെട്ടതിനാൽ കത്തോലിക്കസുറിയാനിക്കാരെല്ലാം വരാപ്പുഴക്കീഴായിത്തീർന്നു. അക്കാലത്തു സുറിയാനിക്കാരുടെ അപേക്ഷപ്രകാരം വരാപ്പുഴ വികാരിഅപ്പസ്തോലിക്കായിക്കു മെത്രാപ്പോലീത്താ എന്ന ബഹുമതിയും നൽകപ്പെട്ടു. 1863 മുതൽ കത്തോലിക്കാസുറിയാനിക്കാർ വരാപ്പുഴ കൊടുങ്ങല്ലൂർ എന്ന രണ്ടധികാരങ്ങളിലായി വീണ്ടും വിഭജിക്കപ്പെടുവാനിടയായി.

1861-ലും 1874-ലും റോക്കോസ്, മേലൂസ് എന്ന രണ്ടു ശീശ്മകൾ കത്തോലിക്കാസുറിയാനിക്കാരുടെയിടയിലുണ്ടായി. മേലൂസ് ശീശ്മയുടെ അവശേഷമാണ് തൃശ്ശൂരുള്ള "സുറായികൾ".

1886 മുതൽ 1896 വരെ തൃശ്ശൂർ, കോട്ടയം എന്ന രണ്ട് അപ്പസ്തോലിക്കവികാരിയാത്തുകൾ സ്ഥാപിക്കപ്പെടുകയും അവരണ്ടിലുമായി കത്തോലിക്കാസുറിയാനിക്കാർ വിഭജിക്കപ്പെടുകയും ചെയ്തു. 1896-ൽ തൃശ്ശൂർ, എറണാകുളം, ചങ്ങനാശ്ശേരി എന്നിങ്ങനെ മൂന്ന് അപ്പസ്തോലിക്കവികാരിയാത്തുകൾ സ്ഥാപിക്കപ്പെടുകയും അവയുടെ ഭരണം നാട്ടുകാരായ സുറിയാനിമെത്രാന്മാരെ ഭരമേല്പിക്കപ്പെടുകയും ഉണ്ടായി. 1911-ൽ തെക്കുംഭാഗക്കാർക്കായി കോട്ടയം അപ്പസ്തോലിക്ക വികാരിയാത്തു പുതുതായി സ്ഥാപിക്കപ്പെട്ടു. 1923-ൽ എറണാകുളം മെത്രാപ്പോലീത്താസ്ഥാനവും, തൃശ്ശൂർ, ചങ്ങനാശ്ശേരി, കോട്ടയം എന്നിവ മെത്രാസനങ്ങളുമായി ഉയർത്തപ്പെട്ടതോടെ 'സീറോ മലബാർ ഹയറാർക്കി' ഉടലെടുത്തു. 1950-ൽ ചങ്ങനാശ്ശേരി വിഭജിച്ച് പുതിയ പാലാരൂപതയും സ്ഥാപിക്കപ്പെട്ടു.

പുത്തൻകൂറുകാർ പലപ്പോഴും കത്തോലിക്കാസഭയുമായി പുനരൈക്യപ്പെടുവാൻ പരിശ്രമിച്ചിട്ടുണ്ട്. എന്നാൽ മുൻകാലങ്ങളിൽ നടന്ന പരിശ്രമങ്ങളൊന്നും തന്നെ ശാശ്വതമായ ഫലം പുറപ്പെടുവിച്ചില്ല. 1930-ൽ മാർ ഈവാനിയൂസ്, മാർ തിയോഫിലോസ് എന്ന രണ്ടു വൈദികാദ്ധ്യക്ഷന്മാർ കത്തോലിക്കാവിശ്വാസമാശ്ലേഷി



പാലയൂർ പള്ളിയുടെ വൈദികമന്ദിരം. ഉദ്ദേശം 300 കൊല്ലങ്ങളോളം പഴക്കമുള്ള ഈ കെട്ടിടം, പഴയ കാലങ്ങളിൽ സെമ്മിനാരിയായിരുന്നുവത്രെ. ഓരോ നിലയിലും ഒരേ ഒരു കട്ടിള മാത്രവും പള്ളിയുടെ വടക്കുഭാഗത്തുള്ള പോലെയുള്ള തൂണുകളും അഴിക്കൂടുകളും ഉണ്ടായിരുന്ന ഇതു് 1950-ൽ പുതുക്കിപ്പരിഷ്കരിച്ചു.

ച്ചു. അവരെ അനുഗമിച്ച് വളരെ വൈദികരും അത്മായരും വേറെ രണ്ടു മെത്രാന്മാരും കത്തോലിക്കരായിത്തീൎന്നു. അവൎക്കുവേണ്ടി അന്തിയോക്യൻ സുറിയാനിറീത്ത് റോമ്മാ അംഗീകരിക്കുകയും, തിരുവനന്തപുരം മെത്രാപ്പോലീത്താസ്ഥാനവും തിരുവല്ലാ മെത്രാസനവും ആക്കി "സീറോ മലങ്കര ഹയറാർക്കി" ഏൎപ്പെടുത്തുകയും ചെയ്തു.

പലയവസരങ്ങളിലായി കുറെ സുറിയാനിക്കാർ ലത്തീൻറീത്ത് സ്വീകരിക്കുകയുണ്ടായിട്ടുണ്ടെന്ന് പ്രസ്താവ്യമാണ്. സുറിയാനിമേലദ്ധ്യക്ഷന്മാരുടെ അധികാരസീമയ്ക്കു പുറത്ത് താമസിക്കുന്ന സുറിയാനിക്കാർ സ്ഥലത്തെ ലത്തീൻഭരണത്തിന് വിധേയരാണെങ്കിലും റീത്തിൽ സുറിയാനിക്കാർതന്നെ.

കൊടുങ്ങല്ലൂരധികാരം പ്രാബല്യത്തിലിരുന്നപ്പോഴും തൃശ്ശൂരധികാരം ഏൎപ്പെടുത്തപ്പെട്ടതുമുതലും പാലയൂർപ്പള്ളി യഥാക്രമം കൊടുങ്ങല്ലൂരിനും തൃശ്ശൂരിനും വിധേയമായിട്ടാണ് ഇരുന്നിട്ടുള്ളത്. വേറെ ഏതെല്ലാം അധികാരങ്ങൾക്ക് പാലയൂർപ്പള്ളി വിധേയമായിരുന്നിട്ടുണ്ടെന്ന് മുകളിൽ പറഞ്ഞവയിൽനിന്ന് ഏറെക്കുറെ വിശദമായിട്ടുണ്ടല്ലോ.

കേരളസുറിയാനിക്കാരുടെ സഭാസംബന്ധമായ ചരിത്രമാണ് ചുരുക്കത്തിൽ പറഞ്ഞുകഴിഞ്ഞത്. സാമുദായികമായും സാമ്പത്തികമായും അത്യുന്നതമായ ഒരു നില എല്ലാക്കാലത്തും അവൎക്ക് കൈവന്നിട്ടുണ്ട്. 16-ാം ശതാബ്ദംവരെ ഒരു നസ്രാണിരാജാവും അവൎക്കുണ്ടായിരുന്നു. 16-ാം ശതാബ്ദത്തിന്റെശേഷം രാഷ്ട്രീയമായി അവൎക്കു

നേരിട്ട അവശതകൾ ഇനിയും മുഴുവനായി പരിഹരിക്കപ്പെട്ടിട്ടില്ല.

## III

തോമ്മാശ്ലീഹായുടെ മക്കളായ നാമെല്ലാവരും പാലയൂർ, കൊടുങ്ങല്ലൂർ, പറവൂർ, കൊക്കമംഗലം, ചായൽ, നിരണം, കൊല്ലം എന്നീ ഏഴു കേന്ദ്രങ്ങളിൽ പെട്ടവരാണെന്നാത്രേ നമ്മുടെ പാരമ്പര്യം. ഈ പാരമ്പര്യം അടിസ്ഥാനരഹിതമല്ലെന്ന് കണ്ടുകഴിഞ്ഞു. ശ്ലീഹായുടെ പ്രേഷിതവൃത്തിയെ ലക്ഷ്യപ്പെടുത്തുന്ന സ്മാരകലക്ഷ്യങ്ങൾ പാലയൂരിലുള്ളതുപോലെ അത്രയധികം വേറൊരിടത്തും ഇന്ന് കണ്ടെത്തുക സാദ്ധ്യമാണെന്നു തോന്നുന്നില്ല. തന്നെയുമല്ല, പാലയൂരിൽനിന്നു പോയവരാണെന്ന് അഭിമാനിക്കുന്ന നസ്രാണിക്കുടുംബങ്ങളെ തോമ്മാനസ്രാണികൾ പാക്കുന്ന, മിക്കവാറും എല്ലാ സ്ഥലത്തും ഇന്ന് കാണാവുന്നതുമാണ്. ഇതും പാലയൂരിൻെറ പ്രശസ്തിക്ക് മാററു കൂട്ടുന്നുണ്ട്.

### 1. പാലയൂർ പള്ളി.

റമ്പാൻപാട്ടുപോലെയുള്ള നമ്മുടെ ചില പുരാതനപാട്ടുകളിൽ "സുന്ദരമായൊരു സ്ലീബാ" അഥവാ "സു

ന്ദരഭാഷയിലൊരു സ്ലീബാ" മാർത്തോമ്മാ പാലയൂരിൽ സ്ഥാപിച്ചതായി പറയുന്നു:—

"അര മാസത്തെ ഇടകൊണ്ടങ്ങനെ
പാലയൂർ ഗ്രാമം ചെന്നെത്തി
ഒരു വഷ്ത്തിനിടയവിടങ്ങളിലും
മാഗ്ഗത്തെ അറിയിച്ചപ്പോരം
ഓരായിരമോടമ്പതു പേരെ
മാമ്മോദീസാ മുക്കിയശേഷം
വന്ദനനിഷ്ഠകളെല്ലാറ്ററയും
ആയവരൊക്കെ ചെയ്യാനായി
സുന്ദരമായൊരു സ്ലീബായും
സ്ഥാപിച്ചു താനവിടത്തിൽ."

പാലയൂരിലെ ഒന്നാമത്തെപ്പള്ളി ഒരു അമ്പലം രൂപാന്തരപ്പെടുത്തിയതായിരുന്നെന്നു വിശ്വസിക്കുവാൻ ന്യായങ്ങളില്ലാതില്ല.

"ക്ഷണമവിടെ മുനിവരനു മമിതതരകൗതുകം
ക്ഷേത്രവും പള്ളിയായി നിമ്മിച്ചു ധാമ്മികൻ".
(തോമ്മാപവ്വം)

മരംകൊണ്ടു തീത്തിരുന്നതായ ഒരു ദേവാലയം 16-ാം ശതാബ്ദത്തിൽ പാലയൂരിൽ സ്ഥിതി ചെയ്തിരുന്നു. ഇററലിക്കാരനായ ഫാദർ ഫെനീച്ചിയോ എന്ന ഒരു ഈശോസഭാവൈദികൻ മരംകൊണ്ടു തീത്തിരുന്ന ആ ദേവാല

യം പൊളിച്ച് മനോഹരമായ വേറൊന്ന് അതിൻെറ സ്ഥാനത്തു പണുതു തീൎത്തു. മരംകൊണ്ടു തീൎത്തിരുന്നതു് പൊളിക്കുവാൻ ജനങ്ങൾ വിസമ്മതിക്ക നിമിത്തം അതിനു ചുററുമായി പുതിയതു കെട്ടിപ്പൊക്കിയതായും പുതിയതിൻെറ പണിവിശേഷം കണ്ടതോടെ പഴയതു പൊളിച്ചു മാററുവാൻ അവർ സമ്മതിച്ചതായും ഫാദർ ഫെനീച്ചിയോ തന്നെ രേഖപ്പെടുത്തിയിട്ടുണ്ടു്. അന്നു് പൊളിച്ചുമാററിയ ദേവാലയം ഒരുപക്ഷേ തോമ്മാശ്ലീഹായോടു സമകാലികമായ ഒന്നായിരുന്നിരിക്കാം. അല്ലെങ്കിൽ ശ്ലീഹായുടെ കാലത്തിനുശേഷം അധികം കഴിയുന്നതിനുമുമ്പായിരിക്കാം അതു സ്ഥാപിക്കപ്പെട്ടതു്. എങ്ങിനെയായാലും പലേ വ്യതിയാനങ്ങൾക്കും ജീൎണ്ണോദ്ധാരണത്തിനും അതു വിധേയമായിത്തീൎന്നിട്ടുണ്ടായിരിക്കണം. പൊളിച്ചുമാററിയ അവസരത്തിൽ അതിൻെറ മരം വിശുദ്ധാവശിഷ്ടങ്ങളായി ജനങ്ങൾ ശേഖരിച്ചുവെച്ചിരുന്നതായി പറയുന്നുണ്ടു്. പൊളിച്ചു മാററുന്നതിന്നുമുമ്പു് ജീൎണ്ണോദ്ധാരണം നടന്ന ഏതോ ഒരവസരത്തിലോ മറേറാ വി. കുര്യാക്കോസിൻെറ നാമം അതിനോടു് ഘടിപ്പിക്കപ്പെട്ടതായി കരുതാം. (ജൂലായി—കൎക്കടകം 15-ൽ) വി. കുര്യാക്കോസിൻെറ തിരുനാൾദിവസം ഭക്തജനങ്ങൾ ധാരാളമായി പാലയൂർ സന്ദൎശിക്കുകയും ധാരാളമനുഗ്രഹങ്ങൾ പ്രാപിക്കുകയും ചെയ്തിരുന്നതായി ഫാദർ ഫെനീച്ചിയോ സാക്ഷ്യപ്പെടുത്തിയിട്ടുണ്ടു്. ഫാദർ ഫെനീച്ചിയോ പണിയിച്ച ദേവാലയം ചില വ്യതിയാനങ്ങൾക്കു വിധേയമായതിൻെറ ഫലമാണു് പാലയൂരിൽ ഇന്നു കാ

ണുന്ന ദേവാലയം. ഇപ്രകാരം ഈ ദേവാലയത്തിന്റെ ആരംഭം മാത്തോമ്മാശ്ലീഹാ സ്ഥാപിച്ചതായി പറയുന്ന "സുന്ദരമായൊരു സ്ലീബാ" യിൽ നിന്നാണെന്നു പറയാവുന്നതാണ്.

## 2. പാലയൂരിന്റെ പ്രശസ്തി.

മാത്തോമ്മാശ്ലീഹായിൽനിന്നു മാമ്മോദീസാ സ്വീകരിച്ചവരുടെ സന്താനപരമ്പര ഇന്നും നിവസിക്കുകയും, മാത്തോമ്മാശ്ലീഹാ സ്ഥാപിച്ച "സുന്ദരമായൊരു സ്ലീബാ" യോട്ട് ഇടമുറിയാത്ത ബന്ധം പാലിക്കുന്ന ഒരു ദേവാലയം സ്ഥിതിചെയ്യുകയും ചെയ്യുന്ന പാലയൂരിനെപ്പററി, അതു് കേരളത്തിലെ പ്രധാന പട്ടണങ്ങളിൽ ഒന്നായിരുന്നൊന്നത്രേ 1504-ൽ കേരളത്തിൽ വന്ന വിദേശീയസുറിയാനിക്കാരായ മെത്രാന്മാർ രേഖപ്പെടുത്തുകയുണ്ടായതു്. "പാലയൂർപ്പടി" എന്ന ഒരളവുപോലും ഉണ്ടായിരുന്നതിൽനിന്നു് പാലയൂരിന്റെ പ്രാധാന്യം എത്ര വലുതായിരുന്നെന്നു് ഊഹിക്കാവുന്നതാണല്ലോ. കൊടുങ്ങല്ലൂർ മുതൽ പാലയൂർവരെ നീണ്ടുകിടന്നിരുന്നു അങ്ങാടികളും തെരുവുകളും. പ്ലീനിയുടെഗ്രന്ഥത്തിൽ പാലൂറാ അഥവാ പാലയൂർ സ്ഥലം പിടിച്ചിട്ടുള്ളതിൽനിന്നു് പാലയൂരിന്റെ പ്രശസ്തി ഇടക്കാലത്തുണ്ടായതല്ലെന്നു് വിശദമാകുന്നുണ്ടു്. ആകയാൽ തോമ്മാശ്ലീഹാ കണ്ട പാലയൂരിനെപ്പററി "തോമ്മാപർവ്വ"ത്തിൽ കാണുന്ന വർണ്ണനകൾ അതിശയോക്തികളാണെന്നു് കരുതേണ്ടതില്ല.

"പരിചിനൊട്ടതദനപുനരവിടമതിൽനിന്നു താൻ
പാലയൂർ ഗ്രാമേ പ്രവേശിച്ചനന്തരം
അവനിസുരവരനികരമനവധിനിറഞ്ഞുള്ളോ-
രാഭിമുഖ്യസ്ഥലമാണാ സ്ഥലം ത്രിലോം

അവരുടെ ഗൃഹനിരയുമതിനിടയിലമ്പല-
മമ്പോ മഹാകേമമാണതിനന്തികെ
മതിലുകളുമതിനുടയമഹിമകളുമിടക്കിടെ
മാളികക്കൂട്ടവും കൊട്ടാരമേടയും

മതിയിലതികുതുകഭരമിയലുമൊരു ഗോപുരം
മാത്തോമ്മാശ്ലീഹായ്ക്കു കാണാറായി ദൂരവെ
പട്ടതയൊടു പല കുടികളതിനുടെ സമീപത്തു
പാക്കുന്നു ശൂദ്രജാതികൾ പലവിധം".

(തോമ്മാപർവ്വം)

ഇപ്രകാരം പ്രസിദ്ധമായിത്തീന്നിരുന്ന പാലയൂർ 16-ാം ശതാബ്ദത്തിൽ ഒരു മെത്രാന്റെ ആസ്ഥാനമായി ഉദ്ദേശിക്കപ്പെട്ടതിൽ അത്ഭുതത്തിനു വഴിയില്ല. 13-ാം ഗ്രീഗോരിയോസുമാപ്പാപ്പായുടെ അംഗീകാരത്തോടെ അന്നു കേരളസഭയുടെ അക്കദിയാക്കോനായിരുന്ന മഹാവന്ദ്യദിവ്യശ്രീ ഗീവറുഗീസുകത്തനാർ അവർകൾ പാലയൂർ മെത്രാനായി തെരഞ്ഞെടുക്കപ്പെട്ടു. പാലയൂരിൽനിന്ന് പുറപ്പെട്ട് കുറവിലങ്ങാട്ടു താമസമുറപ്പിച്ചതായി പാരമ്പര്യം ഘോഷിക്കുന്ന പകലോമററം കുടുംബത്തിലെ ഒരംഗമായിരുന്നു ഈ ഗീവറുഗീസ് അക്കദിയാക്കോൻ. സുറിയാനിക്കാരെ പിന്നീട് ഭരിച്ച ചാണ്ടി മെത്രാനും മത്തായി അക്കദിയാക്കോനും ശങ്കൂരിക്കൽ ഗീവറുഗീസുകത്തനാരും

പാലയൂരിൽനിന്നു തെക്കോട്ടു കടന്ന കുടുംബങ്ങളിൽപെട്ടവരാണെന്നാത്രേ ഐതിഹ്യം.

പകലോമററത്തിൻെറകൂടെ പാലയൂരിൽനിന്ന് കുറവിലങ്ങാട്ടേയ്ക്കു പോയ കുടുംബങ്ങളാണ് കള്ളിയും, കാളികാവും, ശങ്കരപുരിയും. പകലോമററം(പാലമററം) കള്ളിങ്ങൽ അഥവാ കള്ളി, കാളികാവ് എന്നീ പുരയിടങ്ങൾ പാലയൂരിനുസമീപം ഇന്നും സ്ഥിതിചെയ്യുന്നുണ്ട്. ഈ കുടുംബങ്ങളിൽപെട്ട ചിലക്ക് മാർത്തോമ്മാശ്ലീഹാ പൌരോഹിത്യം നൽകിയെന്നു പരമ്പരയാ വിശ്വസിച്ചുവരുന്നു. ഒരു പഴയ പാട്ടിലെ ഒരു ഭാഗം ഇപ്രകാരമാണ്.

"തങ്കമായുള്ള വേദം സ്വീകരിച്ച നരരിൽ
ശങ്കരപ്പുരിയെന്നും പകലോമററമെന്നും
കീർത്തി പെരിയ രണ്ടു വീട്ടുകാർക്കന്നു ശ്ലീഹാ
കർത്താവിൻനാമത്തിൽ തിരുപ്പട്ടവും കൊടുത്തു.
പുത്തനായുള്ള സഭ ഭരിച്ചു നടത്തുവാൻ
ഭക്തരായുള്ള പട്ടക്കാരെയും നിശ്ചയിച്ചു."


ഏതോ കാരണംനിമിത്തം അക്കാദിയാക്കോൻ മെത്രാനായി അഭിഷേചിക്കപ്പെട്ടില്ല. അല്ലെങ്കിൽ പാലയൂർപ്പള്ളി ഒരു ഭദ്രാസനദേവാലയമാകുമായിരുന്നു.


മുൻപറഞ്ഞ ഫാദർ ഫെനീച്ചിയോ, പുത്തൻപാനയുടേയും മററും കർത്താവായ അർണ്ണോസുപാതിരി ആദിയായ വിദേശീയപ്രബോധകന്മാരുടെ പാദസ്പർശത്താലോ സാമീപ്യത്താലോ അനുഗ്രഹിക്കപ്പെട്ടിട്ടുള്ള ഒരു സ്ഥലംകൂടി

യാണ് പാലയൂർ. പള്ളിയും പള്ളിയുടെ പുരാതനത്വവുമാണ് വിദേശീയരെ പാലയൂരിലേയ്ക്ക് ആകർഷിച്ചിരുന്നത്. ടിപ്പുസുൽത്താൻെറ ആക്രമണംനിമിത്തം പാലയൂരിന് വലിയ നാശങ്ങൾ സംഭവിക്കാനിടയായെങ്കിലും മാർത്തോമ്മാശ്ലീഹായോടുള്ള ബന്ധംനിമിത്തം പാലയൂർ ഇന്നും പാലയൂർതന്നെ.

## 3. പ്രധാന തിരുനാൾ

ജൂലായി.— കർക്കടകം 15-ാംനു- (പഴയ കണക്കിൽ 5-ാംനു-) ആണല്ലോ പാലയൂർപ്പള്ളിയിലെ പ്രധാന തിരുനാൾ. മഴക്കാലമാണെങ്കിലും ഈ ദിവസവും ഈ തിരുനാളും വടക്കൻപ്രദേശങ്ങളിലുള്ള ക്രിസ്ത്യാനികളുടെ ചരിത്രത്തിൽ അത്യധികം പ്രാധാന്യമുള്ളവയാകുന്നു. കർക്കടകസംക്രമം ഈ തീയതിയിലോ ഇതിനോട്ട് അടുത്തോ ആണ് നടക്കുന്നത്. സ്ഥലത്തെ പാരമ്പര്യമനുസരിച്ച് കർക്കടകസംക്രമദിവസമാണല്ലോ പാലയൂരുള്ള (തളിക)കുളത്തിൽവച്ച് മാർത്തോമ്മാശ്ലീഹാ അത്ഭുതം പ്രവർത്തിച്ചതും നമ്മുടെ പൂർവ്വന്മാരെ ജ്ഞാനസ്നാനപ്പെടുത്തിയതും. അതിനാൽ വടക്കൻപ്രദേശങ്ങളിലെ ക്രിസ്തീയ ജനതയുടെ ജനനം—ജ്ഞാനസ്നാനംവഴി മ്ശിഹായിലുള്ള ജനനം—പത്തൊമ്പതു നൂററാണ്ടുകൾക്കുമുമ്പ് ഈ അവസരത്തിൽ പാലയൂരിൽവച്ചു നടന്നു. ചരിത്രപ്രസിദ്ധമായ ആ സംഭവം പ്രത്യേകവിധം സ്മരിക്കേണ്ടതുതന്നെ, സംശയമില്ല. അന്നു മാമ്മോദീസാ സ്വീകരിച്ച





പാലയൂർ മഹാശിവക്ഷേത്രത്തിൻെറ
അവശിഷ്ടങ്ങളിൽ ചിലത്.

വരുടെ സന്താനങ്ങളായി പാലയൂരിലുള്ളവക്ക് ഈ സ്മരണ ഹൃദ്യമായിരിക്കുന്നതുപോലെ ഉപകാരപ്രദവുമാണ്. അന്യർക്ക് ഇതൊരു മാതൃകയുമായിരിക്കും.

നമ്മുടെ പഴയ സുറിയാനിപ്പഞ്ചാംഗത്തിൽ ബാലവേദസാക്ഷിയായ വി. കുര്യാക്കോസിൻേറയും അമ്മ യൂലീത്തായുടേയും ഓമ്മയ്ക്കുള്ള ദിവസവും ഇന്നുതന്നെ. ഡയക്ലേഷ്യൻചക്രവത്തിയുടെ കാലത്തുണ്ടായ പീഡനത്തിൽ താർസൂസിൽവച്ച് വിശ്വാസത്തെപ്രതി കൊല്ലപ്പെട്ട ഒരു ബാലനാണ് വി. കുര്യാക്കോസ്. എന്നാണ് വി. കുര്യാക്കോസ് പാലയൂർപ്പള്ളിയോടു ബന്ധപ്പെട്ടതെന്നു തീത്തുപറയുക പ്രയാസമാണ്. വിദേശിയസുറിയാനിക്കാരോടുണ്ടായിരുന്ന ബന്ധംനിമിത്തം വി. കുര്യാക്കോസിനെപ്പററി നമ്മുടെ ആളുകൾ അറിയുകയും അങ്ങിനെ വി. കുര്യാക്കോസിൻെറ നാമം ഈ ദേവാലയത്തോടു ഘടിപ്പിക്കുകയും ചെയ്തതാവാം. അതോടെയായിരിക്കാം വി. കുര്യാക്കോസിൻെറ തിരുനാൾ ഈ ദിവസം പാലയൂരിൽ ആഘോഷിച്ചുതുടങ്ങിയത്. കക്കടകസംക്രമദിവസം മാത്തോമ്മാശ്ലീഹായെ സ്മരിച്ചുകൊണ്ടു നടത്തിയിരുന്ന ആഘോഷത്തോട് വി. കുര്യാക്കോസിൻെറ തിരുനാളും യോജിപ്പിച്ചതാകുവാൻ ഇടയുണ്ട്. മുൻകാലങ്ങളിൽ വലിയ പ്രാധാന്യമുണ്ടായിരുന്ന ഒന്നാണ് വി. കുര്യാക്കോസിൻെറ തിരുനാൾ. ഈ ദിവസം പ്രദശിപ്പിക്കപ്പെടുന്ന ഡീക്കൻ കുര്യാക്കോസിൻെറ പ്രതിമ പ്രസ്തുതാഘോഷത്തെ ലക്ഷ്യപ്പെടുത്തുകയാണല്ലൊ ചെയ്യുന്നത്. പക്ഷെ, വിശുദ്ധനായ ഡീക്കൻകുര്യാക്കോസിൻെറ തിരുനാൾ ജൂലായി

15-ാംനു- അല്ല! കുൎയ്യാക്കോസു എന്ന നാമം ലത്തീൻഭരണാധികാരികൾ തെററിധരിച്ചതാവണം ഡീക്കൻകുൎയ്യാക്കോസിൻെറ പ്രതിമ ഇവിടെ പ്രദശിപ്പിക്കുവാൻ കാരണമായതെന്നു വിചാരിക്കേണ്ടിയിരിക്കുന്നു.

വി. കുൎയ്യാക്കോസിൻെറ ഓൎമ്മ അത്യാഡംബരപൂൎവ്വം കൊണ്ടാടിയിരുന്ന കാലത്തുപോലും യാക്കോബായക്കാരുൾപ്പെടെ ആ തിരുനാളിൽ പങ്കെടുത്തിരുന്നവർ തളികക്കളും സന്ദശിക്കുക പതിവായിരുന്നു. ഇന്നും ഈ പതിവു നിലനിന്നുപോരുന്നുണ്ടു്. ആകയാൽ ഈ ദിവസം തോമ്മാശ്ലീഹായോടും ബന്ധപ്പെട്ടതായി എല്ലാവരും കരുതിയിരുന്നെന്നു വിശദമാകുന്നുണ്ടു്. തോമ്മാശ്ലീഹായോടുള്ള ബന്ധത്തിനാണല്ലോ ഇപ്പോൾ കൂടുതൽ പ്രാധാന്യം കല്പിച്ചിരിക്കുന്നതു്.

ആകയാൽ ഇട്ടിഗ്വാസികളുടെ പൂൎവ്വന്മാർ വിശ്വസിച്ചു മാമ്മോദീസാ സ്വീകരിച്ചതിൻെറ ഓൎമ്മ, അന്നവർ മിശിഹായിൽ ജനിച്ചതിൻെറ ഓൎമ്മ, മാൎത്തോമ്മായുടെ ശ്ലീഹാസ്ഥാനത്തിൻെറ മുദ്ര അവരിൽ പതിഞ്ഞതിൻെറ ഓൎമ്മ—അതെ, ആ ഒൎമ്മ പ്രത്യേകവിധം ഇന്നിവിടെ നാം കൊണ്ടാടുന്നു. അവർ അന്നു സത്യവിശ്വാസം സ്വീകരിച്ചു; സ്വൎഗ്ഗത്തിലേയ്ക്കുള്ള പന്ഥാവിൽക്കൂടി അവർ അന്നു പ്രയാണമാരംഭിച്ചു; അവർനിമിത്തം നമുക്കും ഈ ഭാഗ്യം കൈവന്നിരിക്കുന്നു.

സത്യവിശ്വാസം—അതിനെക്കാൾ വിശിഷ്ടതരമായി വേറെ എന്താണു് ഒരു മനുഷ്യന ഇഹത്തിൽ ആഗ്രഹിക്കുവാനുള്ളതു്? അതു നമ്മെ ദൈവത്തിൻെറ മക്കളും,

കർത്താവീശോമ്ശിഹായുടെ സഹോദരന്മാരും, സ്വർഗ്ഗഭാഗ്യത്തിനു അവകാശികളും ആക്കിത്തീർക്കുന്നു. തോമ്മാശ്ലീഹാ ഇവിടെ വന്നപ്പോഴും വളരെ പ്രശസ്തമായ ഒരു സ്ഥാനം പാലയൂരിനുണ്ടായിരുന്നതായി നമ്മൾ കണ്ടതാണ്. പുരാതനകാലംമുതൽ റോമ്മാ, ഗ്രീസ്, ഏജിപ്ത്, ഫിനീഷ്യാ, ചൈനാ മുതലായ സ്ഥലങ്ങളുമായി കച്ചവടത്തിൽ ഏർപ്പെട്ട് അത്യധികം പ്രശസ്തിനേടിയിരുന്ന കൊടുങ്ങല്ലൂർ അഥവാ മുയരിക്കോട്ടനഗരത്തിനു സമീപമാണല്ലോ പാലയൂർ. അല്ല, കൊടുങ്ങല്ലൂരും പാലയൂരും ഒരു പട്ടണം തന്നെയായിരുന്നെന്നു ഒരർത്ഥത്തിൽ പറയാവുന്നതത്രേ. എന്നാൽ മാർത്തോമ്മാശ്ലീഹായിൽനിന്നു പാലയൂർക്കാർക്കു ലഭിച്ച വിശ്വാസമെന്ന നിക്ഷേപത്തോടു തുലനം ചെയ്താൽ പാലയൂരിന്റെ അന്നത്തെ പ്രശസ്തി മുഴുവനും നിഷ്പ്രഭംതന്നെ. ഇത്ര മഹത്തായ ദാനം തോമ്മാശ്ലീഹാവഴി നമുക്കു നൽകുവാൻ തിരുമനസ്സുണ്ടായ ദൈവത്തിനു എന്നും സ്തുതിയുണ്ടായിരിയ്ക്കട്ടെ!

## 4. സത്യവിശ്വാസത്തിന്റെ ഉരകല്ല്.

സത്യവിശ്വാസത്തിന്റെ ഉരകല്ലാണു വി. പത്രോസിനോടും അദ്ദേഹത്തിന്റെ പിൻഗാമികളായ റോമ്മാമാർപ്പാപ്പാമാരോടും ഉള്ള ഐക്യം. മാർത്തോമ്മാശ്ലീഹായുടെ സഹായത്താൽ ഈ ഐക്യം എല്ലാക്കാലത്തും പാലിക്കുവാൻ കത്തോലിക്കരായ നമുക്കു സാധിച്ചിട്ടുണ്ട്. 17-ാം

ശതാബ്ദത്തിനുമുമ്പ് "ബാബേൽ" സഭയുമായി നമുക്കു ബന്ധമുണ്ടായിരുന്നു. ആ സഭയിൽ ചില അബദ്ധസിദ്ധാന്തങ്ങൾ ചിലപ്പോഴൊക്കെ പ്രചരിച്ചിരുന്നെങ്കിലും, പത്രോസിൻേറയും റോമ്മാമാർപ്പാപ്പാമാരുടേയും പരമാധികാരത്തിനു സ്വയം വിധേയയാണെന്നു വിശ്വസിച്ചുകൊണ്ടത്രെ ആ സഭ ആ കാലമത്രയും (17-ാം ശതാബ്ദത്തിനു മുമ്പ്) വത്തിച്ചുവന്നിരുന്നതു്. ആ സഭയുടെ ഔദ്യോഗികകാനോൻസഞ്ചയത്തിലെ ഒരു ഭാഗം ഈ സംഗതി വിശദീകരിക്കുവാൻ പര്യാപ്തമായ ഒന്നാകയാൽ അതിവിടെ ഉദ്ധരിക്കാം:

> "ഒരു പാത്രിയക്കീസിനു തൻെറ ഭരണിയരുടെമേൽ ന്യായപ്രകാരം ഇഷ്ടമുള്ളവയെല്ലാം പ്രവത്തിക്കുവാൻ അധികാരമുള്ളതുപോലെ, റോമ്മാപാത്രിയാക്കീസിന് എല്ലാ പാത്രിയാക്കിസുമാരുടെമേലും അധികാരമുള്ളതാകുന്നു: എന്തുകൊണ്ടെന്നാൽ, എല്ലാത്തിലും അദ്ദേഹം ശെമകാൻകേപ്പായുടെ സ്ഥാനമുള്ളവനാകുന്നു."

ആകയാൽ 17-ാം ശതാബ്ദത്തിനുമുമ്പു നമ്മൾ റോമ്മായോടു ഐക്യപ്പെട്ടിരുന്നു എന്നതിൽ സംശയമില്ല. തെററിധാരണനിമിത്തം ചിലരെല്ലാം നമ്മൾ അകത്തോലിത്തോലിക്കരായിരുന്നെന്നു വിചാരിക്കുവാൻ ഇടവന്നിട്ടുണ്ടു്. എന്നാൽ അവസരം ലഭിച്ചപ്പോഴെല്ലാം റോമ്മായോടുള്ള ഐക്യം പ്രകടിപ്പിക്കയാണ് നമ്മുടെ പൂവ്വന്മാർ ചെയ്തിട്ടുള്ളതു്. 1348-ൽ മാർപ്പാപ്പായുടെ പ്രതിപുരുഷനായിരുന്ന മരിഞ്ഞോളി കൊല്ലത്തു വരികയും പതിനാറുമാസം അവിടെ താമസിക്കയും ചെയ്തു. അദ്ദേഹം അവിടെയായി

രുന്നപ്പോൾ "മാപ്പാപ്പായുടെ പ്രതിപുരുഷൻ എന്ന നായ്യത്താൽ" (as per requisite of my office as Papal legate) പ്രതിമാസം നൂറു പൊൻപണവും, സ്ഥലം വിട്ടപ്പോൾ ആയിരം പൊൻപണവും മാർത്തോമ്മാനസ്രാണികൾ അദ്ദേഹത്തിനു സമർപ്പിക്കുകയുണ്ടായി. ഇതേ മനോഭാവമാണ് മാർത്തോമ്മാനസ്രാണികളിൽ 17-ാം ശതാബ്ദത്തിനമുമ്പു എപ്പോഴുമുണ്ടായിരുന്നതു്. സംഗതികൾ ശരിയായി മനസ്സിലാക്കാതെ 16-ാം ശതാബ്ദത്തിന്റെ അവസാനത്തിൽ ഗോവയുടെ ലത്തീൻമെത്രാപ്പോലീത്ത അലേക്സീസു മെനേസീസു നമ്മെ റോമ്മായുമായി ഐക്യപ്പെടുത്തിയെന്നു ചിലർ വിചാരിക്കുന്നുണ്ടാവാം. മാർത്തോമ്മാനസ്രാണികളായ നമ്മെപ്പററി പൊതുവെയും പാലയൂർക്കാരെപ്പററി പ്രത്യേകിച്ചും ശത്രുപക്ഷക്കാർ നടത്തുന്ന കുററാരോപണത്തിനു സമാധാനം പറയണമെന്നു കരുതിയാണ് ഈ സംഗതിസംബന്ധിച്ചു ഇവിടെ ഇത്രയും പ്രസ്താവിച്ചതു്. നമ്മുടെ പിതാവായ മാർത്തോമ്മാശ്ലീഹായിൽനിന്നു നമുക്കു ലഭിച്ച സത്യവിശ്വാസത്തെ സ്മരിക്കുന്ന ഈ അവസരത്തിൽ ഇതേപ്പററി സ്വല്പം പ്രസ്താവിക്കേണ്ടതുമാണല്ലോ.

a) നമുക്കു റോമ്മാഐക്യമില്ലായിരുന്നു എന്നു വിചാരിച്ചുകൊണ്ട്, നമ്മുടെ സുറിയാനിറീത്തു ഇല്ലാതാക്കി തൽസ്ഥാനത്തു ലത്തീൻറീത്തു സ്ഥാപിക്കുവാനും, മാപ്പാപ്പായുടെകീഴിൽ നമുക്കുണ്ടായിരുന്ന സ്വയംഭരണം നിറുത്തൽചെയ്യുവാനും പോർട്ടുഗീസുകാർ അത്യധികം പരിശ്രമിച്ചു. അവരുടെ പരിശ്രമം ശക്തിപ്പെട്ട അവസരത്തി

ലാണ് ഗീവറുഗീസു അക്കദിയാക്കോനെ പാലയൂർ മെത്രാനായി 13-ാം ഗ്രീഗോരിയൂസുമാപ്പാപ്പാ അംഗീകരിക്കയുണ്ടായതു്. നമുക്കു എത്രയും അഭിമാനകരവും നമ്മുടെ റോമ്മാഐക്യത്തെ തെളിയിക്കുന്നതും ആണല്ലോ ഈ സംഭവം. എങ്കിലും പോർട്ടുഗീസുകാർ അവരുടെ പരിശ്രമത്തിൽനിന്നു പിൻമാറിയില്ല. അവരിൽ അഗ്രഗണ്യനാണ് 1599-ൽഇവിടെ വന്ന മുൻപറഞ്ഞ മെനേസിസുമെത്രാപ്പോലീത്ത. അദ്ദേഹം നമ്മുടെ പള്ളികളിൽ അനധികൃതമായി അധികാരം നടത്തിയിരുന്ന അവസരത്തിൽ പാലയൂർക്കാർ അഭിനയിച്ച ഒരു പ്രഹസനം ശത്രുപക്ഷക്കാർക്കു ദോഷാരോപണത്തിനു കാരണം നൽകിയിട്ടുണ്ടു്.


ഇതായിരുന്നു പ്രഹസനത്തിന്റെ സാരം: മാർത്തോമ്മാനസ്രാണികളുടെമേൽ ആർക്കാണ് അധികാരം? ഈ വാദത്തിൽ പത്രോസ്ലീഹായും തോമ്മാസ്ലീഹായും പങ്കെടുക്കുന്നു. വാദം മുറുകിയതോടെ ഒരു മദ്ധ്യസ്ഥൻ പ്രത്യക്ഷനായി. പാലയൂർപ്പള്ളിയുടെ പ്രത്യേകസംരക്ഷകനായ വി. കുര്യാക്കോസാണ് മദ്ധ്യസ്ഥൻ. അദ്ദേഹം തോമ്മാസ്ലീഹായുടെ വാദം ശരിവച്ചു.

വി. പത്രോസിനും റോമ്മാമാപ്പാപ്പായിക്കും കേരളത്തിൽ അധികാരമില്ലെന്നു പാലയൂർക്കാർ ഈ പ്രഹസനദ്വാര വെളിപ്പെടുത്തിയെന്നാണ് കുററാരോപണം. പക്ഷെ, പാലയൂർക്കാർക്കു ഇപ്രകാരമൊരു വിചാരംപോലുമുണ്ടാകുവാൻ ഇടയില്ലായിരുന്നു എന്നാണ് അന്നത്തെ സംഭവങ്ങൾ വിശദീകരിക്കുന്നതു്. അന്നത്തെ സാഹചര്യങ്ങൾ ശരിയായി ഗ്രഹിക്കേണ്ടതുണ്ടു്. സുറിയാനിറീത്തിനേയും അ

തോട്ടുകൂടി സുറിയാനിമെത്രാന്മാരുടെ ഭരണത്തേയും—അതായത്, മാപ്പാപ്പായുടെകീഴിൽ സ്വന്തം റീത്തിൽ നമുക്കുണ്ടായിരുന്ന സ്വയംഭരണത്തെ—"തോമ്മായുടെ നിയമം" എന്നാണ് നമ്മുടെ പിതാക്കന്മാർ വിളിച്ചുവന്നിരുന്നത്. തോമ്മാശ്ലീഹായിൽനിന്നു അതു നമുക്കു ലഭിച്ചു എന്നായിരുന്നു അവരുടെ വിശ്വാസം. പത്രോസിന്റെ അഥവാ മാപ്പാപ്പായുടെ അധികാരം എല്ലാക്കാൎയ്യത്തിലും തനിയ്ക്കുണ്ടെന്നു വിചാരിച്ചിരുന്ന മെനേസീസ്, തോമ്മായുടെ നിയമത്തെ പത്രോസിന്റെ നാമത്തിൽ ഉന്മൂലനംചെയ്യുവാൻ ഉദ്യമങ്ങൾ നടത്തിവന്നിരുന്നു. പത്രോസിന്റെ നിയമമായി അദ്ദേഹം സങ്കല്പിച്ചിരുന്ന ലത്തീൻറീത്തും ലത്തീൻ ഭരണവും അനാവശ്യമായി നമ്മുടെമേൽ കെട്ടിവയ്ക്കുകയായിരുന്നു അതിന്റെ ഫലം. റോമ്മായോട് ഐക്യപ്പെട്ടുനില്ക്കുന്ന ഒരു പ്രാദേശികസഭയോട് ഈ വിധത്തിൽ പ്രവൎത്തിക്കുക നിയമവിരുദ്ധമാണെന്നു മാത്രമേ പ്രഹസനകൎത്താക്കൾ ഉദ്ദേശിച്ചിരിക്കുവാൻ ഇടയുള്ളു. 16-ാം ശതാബ്ദത്തിൽ നടന്ന മററു നിരവധി സംഭവങ്ങൾ ഈ അനുമാനത്തെ ബലപ്പെടുത്തുന്നുമുണ്ട്. അന്നു നമ്മൾ റോമായോട് ഐക്യപ്പെട്ടിരുന്നെന്നു മുക്തകണ്ഠം വിളിച്ചുപറയുന്നവയാണ് അവയിൽ ഓരോ സംഭവവും. പാലയൂർക്കാർ അന്നു മാപ്പാപ്പായുടെ അധികാരം നിഷേധിക്കയാണ് ചെയ്തതെങ്കിൽ ഉടൻതന്നെ മെനേസീസു വിളിച്ചുകൂട്ടിയ ഉദയമ്പേരൂർ സൂനഹദോസിലേയ്ക്കു അവർ തങ്ങളുടെ പ്രതിപുരുഷന്മാരെ അയയ്ക്കുകയില്ലായിരുന്നു.

b) ഇതേതുടൎന്നു പാലയൂരിലുണ്ടായ വേറൊരു സംഭവവും നമുക്കു ചിന്താവിഷയമാകേണ്ടതാണ്. പോർട്ടുഗീസു

കാരുടെ പരിശ്രമം ഏതാണ്ടു സഫലമാവുകയാൽ, പൌലീസ്തർ എന്നറിയപ്പെടുന്ന "പോർട്ടുഗീസു" ലത്തീൻമെത്രാന്മാർ 16-ാം ശതാബ്ദത്തിൻെറ അവസാനം മുതൽ (ഉദയമ്പേരൂർ സൂനഹദോസിൻെറശേഷം) നമ്മെ ഭരിയ്ക്കുവാൻ തുടങ്ങി. അവരുടെ ഭരണത്തോടുണ്ടായ അതൃപ്തിഹേതുവാൽ പൌലീസ്തക്കു വഴങ്ങുകയില്ലെന്നു് നസ്രാണിനേതാക്കന്മാർ കൂനൻകുരിശിന്മേൽ കയറുകെട്ടിപ്പിടിച്ചു (മട്ടാഞ്ചേരിയിൽവച്ചു) സത്യം ചെയ്തു. ഭൂരിപക്ഷം സുറിയാനിക്കാർ ഈ നേതാക്കന്മാരെ അനുഗമിച്ചു. എന്നാൽ മാപ്പാപ്പായുടെ നേരെ അവക്കു യാതൊരു വിദ്വേഷവുമില്ലായിരുന്നു. മാപ്പാപ്പായുടെ സമ്മതത്തോടെ എന്ന വ്യാജേന, അന്നു് അക്കദിയാക്കോനായിരുന്ന തോമ്മാക്കത്തനാരെ കുറെപ്പേർ കൂടി മെത്രാൻവേഷം കെട്ടിച്ചു. വഴി പിഴച്ചുപോയെന്നു ഗ്രഹിച്ചവർ വിവരം ഉടനെ മാപ്പാപ്പായെ അറിയിക്കയാൽ ജോസഫ് സെബസ്ത്യാനി എന്ന ഇററാല്യൻ കമ്മലീത്തനെ മാപ്പാപ്പ തൻെറ പ്രതിപുരുഷനായി കേരളത്തിലേയ്ക്കു അയയ്ക്കുകയുണ്ടായി. അക്കദിയാക്കോൻെറ ചില പാശ്വവത്തികളാവട്ടെ സെബസ്ത്യാനി മാപ്പാപ്പായാൽ അയയ്ക്കപ്പെട്ടവനല്ലെന്നു പറഞ്ഞുപരത്തുകയാണു് ചെയ്തതു്. അങ്ങിനെയിരിക്കെ സെബസ്ത്യാനിയുടെ അദ്ധ്യക്ഷതയിൽ പാലയൂരിൽവെച്ചു ഒരു മഹായോഗം നടന്നു. മാപ്പാപ്പായോടു തങ്ങൾക്കു് വിധേയത്വമില്ലായിരുന്നെങ്കിൽ പാലയൂരിൽ അപ്രകാരമൊരു യോഗം നടക്കുവാൻ പലയൂർക്കാർ സമ്മതിക്കുമായിരുന്നില്ല. സെബസ്ത്യാനി മാപ്പാപ്പായുടെ പ്രതിപുരുഷനാണെങ്കിൽ അദ്ദേഹത്തിനു



പാലയൂരിലെ തളിയക്കുളത്തിന്റെ ഒരു ഭാഗം. സംപൂജ്യമായിത്തീൎന്നിട്ടുള്ള ഈ കുളത്തിൽ എ. ഡി. 52-ൽ കൎക്കിടകസംക്രമദിവസം തൎപ്പണവിധാനം ചെയ്തുകൊണ്ടിരുന്ന ബ്രാഹ്മണരുമായി മാൎത്തോമ്മാശ്ലീഹാ മതകാൎയ്യങ്ങളെക്കുറിച്ച് വാഗ്വാദത്തിലേൎപ്പെടുകയും ഒരു മഹാ അത്ഭുതം ചെയ്ത് ക്രിസ്തുമതത്തിന്റെ മേന്മയെ പ്രത്യക്ഷപ്പെടുത്തുകയും ചെയ്തു. വാഗ്ദാനം പാലിച്ച നമ്മുടെ പൂൎവ്വന്മാൎക്ക് ഈ കുളത്തിൽവെച്ചുതന്നെ ജ്ഞാനസ്നാനം നല്കപ്പെട്ടു. ഈ മഹാസംഭവത്തിന്റെ സ്മരണ, ഇന്നും അതേ ദിവസംതന്നെ, മഹത്തായ കൃതജ്ഞതാസ്തോത്രച്ചടങ്ങുകളോടുകൂടി ഒരു പെരുന്നാളായി പാലയൂർ പള്ളിയിൽ ആഘോഷിച്ചുപോരുന്നുണ്ട്.

അൎക്കദിയാക്കോനെ മെത്രാനാക്കുവാൻ അധികാരമുണ്ടായിരിക്കണം എന്ന ധാരണയോടെ, സെബസ്ത്യാനിക്കു അൎക്കദിയാക്കോനെ മെത്രാനാക്കുവാൻ അധികാരമുണ്ടൊ എന്നു് ചിലർ ആ യോഗത്തിൽവെച്ചു അദ്ദേഹത്തോടു ചോദിച്ചു. ഇല്ലാ എന്ന മറുപടി കേട്ടതോടെ സെബസ്ത്യാനി മാപ്പാപ്പായുടെ പ്രതിപുരുഷനല്ലെന്നു് അവർ വിളിച്ചുപറഞ്ഞു. തെററായ സങ്കല്പത്തിൽനിന്നാണു് ഈ അനുമാനമുണ്ടായതെങ്കിലും മാപ്പാപ്പായോടു ആ യോഗത്തിനു ആദരമുണ്ടായിരുന്നെന്നും മാപ്പാപ്പായുടെ പ്രതിപുരുഷനെ സ്വീകരിക്കുവാൻ ആ യോഗത്തിലെ അംഗങ്ങൾ സന്നദ്ധരായിരുന്നെന്നും ഇതിൽനിന്നും മററുസാഹചര്യങ്ങളിൽനിന്നും ധാരാളം തെളിയുന്നുണ്ടു്. ആകയാൽ കൂനൻകുരിശുസത്യത്തിൽ പങ്കെടുത്തുപോയതുകൊണ്ടു് നസ്രാണികൾ പൊതുവേയും പാലയൂർക്കാർ പ്രത്യേകിച്ചും മാപ്പാപ്പായുടെ പരമാധികാരം നിഷേധിച്ചതായി പറയാവുന്നതല്ല. കൂനൻകുരിശുസത്യം പാലയൂർക്കാരുടെ സത്യവിശ്വാസത്തിനു് എതിരായി എടുത്തുകാണിക്കാവുന്ന ഒരു സംഭവമല്ലെന്നു വിശദമാക്കുവാൻവേണ്ടി മാത്രമാണു് അതേപററി ഇത്രയും പ്രസ്താവിച്ചതു്.

c) 1861-ൽ ഉണ്ടായ റോക്കോസുശീശ്മയിൽ മററു പല പള്ളിക്കാരുടെകൂടെ പാലയൂർപള്ളിക്കാരും ഉൾപ്പെട്ടുപോയിട്ടില്ലയൊ എന്നു ചോദിച്ചേയ്ക്കാം. വിദേശീയനെങ്കിലും സുറിയാനിക്കാരനായ ഒരു മെത്രാനായിരുന്നു റോക്കോസു്. കേരളീയരിൽ ചിലരുടെ ശ്രമംനിമിത്തമാണു് അദ്ദേഹം ഇവിടെ വന്നതു്. മാപ്പാപ്പായുടെ "ക

ല്പന''യാൽ റോക്കോസു കേരളത്തിലെത്തിയിരിക്കുന്നു എന്നു അദ്ദേഹത്തിൻെറ ചില സിൽബന്ധികൾ പറഞ്ഞു പരത്തുകനിമിത്തം, സ്വന്തം റീത്തുകാരനായ ഒരു മെത്രാനെ ലഭിക്കുവാൻ കൊതിച്ചിരുന്ന സുറിയാനിപ്പള്ളിക്കാർ പലരും അദ്ദേഹത്തെ അനുഗമിച്ചു. എന്നാൽ തങ്ങൾ മാർപ്പാപ്പായുടെ ഐക്യത്തിൽനിന്നു വേർപ്പെട്ടുപോകുന്നില്ലാ എന്ന ധാരണയോടെയാണ് അവർ അപ്രകാരം ചെയ്തതെങ്കിൽ മുറപ്രകാരമുള്ള ശീശ്മക്കുററം അവരുടെ മേൽ ആരോപിക്കാവുന്നതല്ല. ഇതായിരുന്നു റോക്കോസിനെ അനുഗമിച്ച പള്ളിക്കാരുടെ അന്നത്തെ നില.

d) 1874-ൽ ഉണ്ടായ മേല്യൂസ് ശീശ്മയെപ്പററിയും മിക്കവാറും ഇതുതന്നെയാണ് പറയേണ്ടതു്. റോക്കോസിനെപ്പോലെ മേല്യൂസും വിദേശീയനായ ഒരു സുറിയാനിമെത്രാനായിരുന്നു. ചില കേരളീയർതന്നെയാണ് അദ്ദേഹത്തേയും കേരളത്തിലേയ്ക്കു കൊണ്ടുവന്നതു്. എന്നാൽ പാലയൂർപള്ളിക്കാരിൽ ഒരു ഭാഗം മാത്രമേ മേല്യൂസിനെ അനുഗമിച്ചുള്ളു. അതും ആരംഭത്തിൽ ഉത്തമവിശ്വാസത്തോടെ സംഭവിച്ചതാണെന്നു് കരുതേണ്ടിയിരിക്കുന്നു.

യഥാൎത്ഥമായ ശീശ്മമന:സ്ഥിതി പാലയൂർക്കാർക്ക് എന്നെങ്കിലുമുണ്ടായിരുന്നെങ്കിൽ സമീപസ്ഥിതരായി കുന്നംകുളം മുതലായ സ്ഥലങ്ങളിലുള്ള അകത്തോലിയ്ക്കരെ അവർ അനുഗമിക്കുമായിരുന്നു. കൂനൻകുരിശുസത്യത്തെ തുടൎന്നു മെത്രാൻവേഷം കെട്ടിയ അൎക്കദിയാക്കോനെ അനുഗമിച്ചവരുടെ സന്താനപരമ്പരയാണ് പ്രസ്തുത

സ്ഥലങ്ങളിലുള്ള അകത്തോലിയ്ക്കാ സുറിയാനിക്കാർ. പാലയൂർക്കാർ അവരെ അനുഗമിയ്ക്കുയുണ്ടായില്ല.

ആകയാൽ തോമ്മാസ്ലീഹായിൽനിന്നു ലഭിച്ച വിശ്വാസം കത്തോലിക്കാനസ്രാണികളായ നമ്മൾ പൊതുവേയും പാലയൂർക്കാർ പ്രത്യേകിച്ചും നാളിതുവരെ പാലിച്ചുകൊണ്ടുപോരുന്നു എന്നു് അഭിമാനപൂർവ്വം ഉൽഘോഷിക്കുവാൻ നമുക്കു് സാധിച്ചിരിയ്ക്കുന്നു. അറിവില്ലായ്കനിമിത്തം നമ്മുടെയിടയിൽ ചില തെററുകൾ കടന്നുകൂടിയിട്ടുണ്ടായിരുന്നെങ്കിലും സത്യവിശ്വാസത്തിൻെറ ഉരകല്ലായ റോമാഐക്യം പരിത്യജിയ്ക്കുവാനുള്ള നിർഭാഗ്യം നമുക്കു വന്നുഭവിച്ചിട്ടില്ല. ഇതിനു ദൈവത്തോടു നമ്മൾ എത്രമാത്രം കടപ്പെട്ടിരിയ്ക്കുന്നു എന്നു പറഞ്ഞുഫലിപ്പിക്കുക അസാദ്ധ്യമാണു്. മാർത്തോമ്മാസ്ലീഹാ ഈ സ്ഥലത്തു സുവിശേഷം പ്രസംഗിച്ചു മാമ്മോദീസാ നൽകിയ സംഭവത്തെ സ്മരിക്കുന്ന ഈ ദിവസം നമ്മുടെ സത്യവിശ്വാസത്തെപ്പററിയാണു് നമ്മൾ പ്രത്യേകം ചിന്തിയ്ക്കേണ്ടതു്. ദൈവത്തിൻെറ സൌജന്യദാനമായ "വിശ്വാസം എല്ലാ മനുഷ്യരുടേയും അല്ല" എന്നു് വി. പൌലോസു പറയുന്നുണ്ടല്ലൊ. ഇത്ര മഹത്തായ ദാനം ലഭിയ്ക്കാത്ത എത്രയോ ലക്ഷം ആളുകൾ നമ്മുടെയിടയിൽ വസിക്കുന്നു! ഈ മഹാദാനം ലഭിച്ചെങ്കിലും അതു നഷ്ടപ്പെട്ടവരായ നസ്രാണികളും നമ്മുടെയിടയിൽ ധാരാളമുണ്ടു്. ഈ സ്ഥിതിയ്ക്കു് നമ്മുടെ കൃതജ്ഞത എത്ര നിഷ്ക്കളങ്കവും എത്ര ഹൃദയംഗമവും ആയിരിയ്ക്കേണ്ടതാണെന്നു ചിന്തിച്ചാലും! ആകയാൽ ഈ തിരുനാളാഘോഷം എത്രയും സമുചിതവും അത്യന്താപേക്ഷിതവും തന്നെ,

സംശയമില്ല. കാരണം മാമ്മോദീസായിൽ വിശ്വാസം മനുഷ്യാത്മാക്കളിൽ നിക്ഷേപിയ്ക്കപ്പെടുന്നു. നമ്മുടെ പൂർവ്വന്മാരുടെ ആത്മാക്കളിൽ വിശ്വാസം നിക്ഷേപിക്കപ്പെട്ട ദിവസത്തെയല്ലാതെ വേറെ ഏതു ദിവസത്തെയാണ് അതേ വിശ്വാസംതന്നെയുള്ളവരായ നമ്മൾ ഈവിധത്തിൽ സ്മരിക്കുക!

## 5. നമ്മുടെ വ്യക്തിത്വം.

അതേ, സത്യവിശ്വാസമുള്ളവരായ മാത്തോമ്മാനസ്രാണികളാണ് നമ്മൾ. സത്യവിശ്വാസമുള്ളവരായി വേറെയും ആളുകൾ ഇൻഡ്യയിലുണ്ട്. എന്നാൽ അവരിൽനിന്നു നമ്മെ വ്യത്യാസപ്പെടുത്തി മാത്തോമ്മായുടെ "ശ്ലീഹാസ്ഥാനത്തിൻെറ മുദ്ര"യാകുന്നു നമ്മൾ എന്നു ലോകസമക്ഷം വിളിച്ചറിയിക്കുന്ന നമ്മുടെ വ്യക്തിത്വം നമ്മുടെ സുറിയാനിറീത്തുവഴിയായി പരിപാലിയ്ക്കുവാനും നമുക്കു സാധിച്ചിരിക്കുന്നു. മാത്തോമ്മാശ്ലീഹായുടെ കാലത്തുതന്നെ ഈ വ്യക്തിത്വം നമുക്കു കൈവന്നിട്ടുള്ളതായി വിചാരിയ്ക്കുന്നതിലേയ്ക്കുള്ള ഒരു ലക്ഷ്യമാണ് പാലയൂർപ്പള്ളിയോടു അടുത്തു സ്ഥിതിചെയ്യുന്ന "യൂദക്കുന്ന്". തോമ്മാശ്ലീഹാ കേരളത്തിൽ വന്നപ്പോൾ ഇവിടെ യൂദന്മാരുണ്ടായിരുന്നു എന്നാണല്ലോ നമ്മുടെ പാരമ്പര്യം.

"ആ ദേശത്തു വസിക്കും യൂദന്മാരോടു ശ്ലീഹാ
മേദിനീ രക്ഷകൻെറ വേദമുപദേശിച്ചു–

യൂദന്മാരിൽ ചിലരും മ്ശിഹായെ
മോദേന വിശ്വസിച്ചു മാമ്മോദീസായും മുങ്ങി-
യൂദജനങ്ങളന്നു പാർത്തുവന്ന സ്ഥലത്തെ
യൂദന്മാരുടെ കുന്നു എന്നു പറഞ്ഞീടുന്നു''

(കല്യാണപ്പാട്ട്)

യൂദന്മാർ പാലയൂർ വിട്ടുപോയപ്പോൾ യൂദക്കുന്നിൽ വിളക്കു വയ്ക്കേണ്ട ഭാരം അടുത്തുള്ള ഒരു വീട്ടുകാരെ ഏല്പിച്ചു. അടുത്ത കാലംവരെ ആ വീട്ടുകാർ കത്തിച്ചുകൊണ്ടിരുന്ന ഒരു കരിങ്കൽവിളക്കു യൂദക്കുന്നിൽ 1949-ൽ പോലും കിടന്നിരുന്നതായി സന്ദർശകർ കണ്ടിട്ടുള്ളതാണ്.

സുവിശേഷപ്രസംഗത്തിനായി ശ്ലീഹന്മാർ എല്ലായിടത്തും യൂദന്മാരെയാണ് ആദ്യം സമീപിച്ചിരുന്നത്. യൂദന്മാരിൽനിന്നു മററുള്ളവർ ആരാധനാരീതി സ്വീകരിച്ചതായി ചരിത്രത്തിൽ കാണുന്നു. ഇൻഡ്യയിൽ പ്രചാരമുണ്ടായിരുന്നതും ഒരു "കച്ചവടഭാഷ"യുടെ സ്ഥാനം ലഭിച്ചിരുന്നതും, യൂദന്മാർ സംസാരിച്ചിരുന്നതും ആയ സുറിയാനി (അഥവാ ആറാമായ) ഭാഷ തന്നെയായിരുന്നു നമ്മുടെ കർത്താവിൻേറയും തോമ്മാശ്ലീഹായുടേയും മാതൃഭാഷ. ആകയാൽ നമ്മുടെ ആരാധനാരീതി മാർത്തോമ്മാശ്ലീഹായുടെ കാലത്തുതന്നെ സുറിയാനിയിൽ ഇവിടെ ആരംഭമെടുത്തതായി വിചാരിക്കുവാൻ പാലയൂരുള്ള "യൂദക്കുന്ന്" അവസരം നൽകാതിരിക്കുന്നില്ല. "ഞങ്ങളുടെ പ്രാർത്ഥനകൾ സുറിയാനി അഥവാ കൽദായഭാഷയിലാകുന്നു; ഈ ഭാഷ ഞങ്ങളുടെ നാഥനായ വിശുദ്ധ തോമ്മായാണ് ഞങ്ങൾക്കു നൽകിയത്; ഞങ്ങളും ഞങ്ങളുടെ മുൻഗാമികളും ഈ ഭാഷ

അഭ്യസിച്ചിട്ടുള്ളവരാണ്'' എന്നിപ്രകാരം 1578-ൽ നമ്മുടെ പൂർവ്വന്മാരുടെ പ്രാതിനിധ്യം വഹിച്ചുകൊണ്ടു മൂന്നു അൽമായപ്രമുഖന്മാർ 13-ാം ഗ്രീഗോരിയൂസു മാർപ്പാപ്പായുടെപേക്ക് അങ്കമാലിയിൽനിന്നു അയച്ച ഒരു ഹർജിയിൽ പ്രസ്താവിയ്ക്കുയുണ്ടായെന്നും ഇവിടെ എടുത്തു പറഞ്ഞു കൊള്ളട്ടെ.

പാലയൂരിനെപ്പററി പല വഴിക്കു നമ്മൾ ചിന്തിച്ചു കഴിഞ്ഞു. തോമ്മാശ്ലീഹായാണ് നമ്മുടെ സഭ സ്ഥാപിച്ചതു്; ശ്ലീഹായിൽനിന്നു ലഭിച്ച സത്യവിശ്വാസം ഇതഃപര്യന്തം പാലിയ്ക്കുവാൻ നമുക്കുസാധിച്ചിട്ടുണ്ടു്; മാർത്തോമ്മാനസ്രാണികളായ നമ്മുടെ വ്യക്തിത്വത്തെ പ്രസ്പഷ്ടമാക്കുന്നു നമ്മുടെ സുറിയാനിറീത്തിൻെറ ആരംഭം തോമ്മാശ്ലീഹായിൽനിന്നുതന്നെ ആയിരിക്കുവാൻ വഴിയുണ്ടു്, എന്നിപ്രകാരം സർവ്വപ്രധാനങ്ങളായ വസ്തുതകൾക്കെല്ലാം തെളിവുനൽകുന്ന ഒരു സ്ഥലമല്ലയോ പാലയൂർ? ആകയാൽ തോമ്മാശ്ലീഹാ പാലയൂരിൽവച്ചു മാമ്മോദീസാ നൽകിയതിൻെറ ഓർമ്മ പാലയൂർക്കാർ സാഘോഷം കൊണ്ടാടുകതന്നെ വേണം.

*　　*　　*　　*

ഈ അവസരത്തിൽ നമുക്കു നമ്മുടെ ചുററുമൊന്നു കണ്ണോടിയ്ക്കാം. മാർത്തോമ്മാ നസ്രാണികളിൽ വളരെപ്പേർ സത്യവിശ്വാസമില്ലാത്തവരായി കത്തോലിക്കാസഭയ്ക്കു പുറ

ത്തു സ്ഥിതിചെയ്യുന്നില്ലയോ? യാക്കോബായ, അഞ്ഞൂർ (തൊഴിയൂർ), മാർത്തോമ്മാ, സുറായി എന്നീ സമൂഹങ്ങളിൽ പെട്ടവരും, സി. എം. എസ്. ആദിയായ പ്രോട്ടസ്റ്റണ്ടുസംഘടനകളിൽപെട്ട ചിലരും തോമ്മാശ്ലീഹായിൽനിന്നു മാമ്മോദീസാ സ്വീകരിച്ചവരുടെ സന്താനങ്ങളാണ്.

ആർത്താററു, പഴഞ്ഞി, (തൊഴിയൂർ) എന്നിങ്ങനെ സമീപസ്ഥിതങ്ങളായ പള്ളികൾ പാലയൂർപ്പള്ളിയിൽ നിന്നു പിരിഞ്ഞു പോയവരത്രെ. അകത്തോലിക്കരായ ഈ പള്ളിക്കാർ പുരാതനനടപ്പു പാലിച്ചുകൊണ്ടു് ഇന്നും പാലയൂരിൽ വന്നു ഈ തിരുനാളിൽ സംബന്ധിക്കുകയും തളികക്കുളം സന്ദർശിക്കുകയും ചെയ്തുവരുന്നു. തിരുനാൾ പ്രദക്ഷിണം പള്ളിയിൽ കയറിയശേഷം മാത്രമെ മുൻകാലങ്ങളിൽ ഇവർ സ്വവസതികളിലേയ്ക്കു മടങ്ങിപോയിരുന്നുള്ളു.

തോമ്മാശ്ലീഹാ നമുക്കു നൽകിയ വിശ്വാസം കേടുകൂടാതെ പാലിക്കുവാൻ ഭാഗ്യം ലഭിച്ചവരായ നമ്മളല്ലാതെ വേറെ ആരാണ് ഇപ്പോൾ പറഞ്ഞ നമ്മുടെ സഹോദരങ്ങളെ സത്യവിശ്വാസത്തിലേയ്ക്കു ആനയിക്കുക? നമ്മുടെ ചുററുമുള്ള മററു അകത്തോലിക്കരും അക്രൈസ്തവരും സത്യവിശ്വാസത്താൽ അനുഗ്രഹിക്കപ്പെടേണ്ടവരല്ലയോ? അവരേയും ഉദ്ദേശിച്ചുകൊണ്ടാണ് മാർത്തോമ്മാശ്ലീഹാ സത്യവിശ്വാസം നമ്മെ ഭരമേല്പിച്ചതു്. ആകയാൽ അവരേയും സത്യത്തിലേയ്ക്കു ആനയിക്കേണ്ട കടമ നമ്മിൽ നിക്ഷിപ്തമായിരിക്കുന്നു. ഈ സംഗതികളെല്ലാം ഈ ദിവസം നമ്മൾ നമ്മുടെ ശ്രദ്ധയിൽ പ്രത്യേകവിധം കൊണ്ടുവരേണ്ടവയാ

കുന്നു. സത്യവിശ്വാസം ലഭിച്ചതിനും, അതു് ഇന്നോളം കാത്തു പാലിക്കുവാൻ സാധിച്ചതിനും മാർത്തോമ്മാശ്ലീഹായോടു് ഇന്നു കൃതജ്ഞത പ്രകടിപ്പിക്കുന്നതിനോടൊപ്പം, നമ്മുടെ അകത്തോലിക്കസഹോദരങ്ങളുടേയും അക്രൈസ്തവ സഹോദരങ്ങളുടേയും മാനസാന്തരത്തിനുവേണ്ടി മാർത്തോമ്മാശ്ലീഹായോടു തീക്ഷ്ണപൂർവ്വം നമുക്കു പ്രാർത്ഥിക്കാം.

തോമ്മാശ്ലീഹാ വിശ്വാസത്തെപ്രതി നിരവധി ത്യാഗങ്ങൾ അനുഷ്ഠിക്കുകയും അവർണ്ണനീയങ്ങളായ ക്ലേശങ്ങൾ സഹിക്കുകയും ഒടുവിൽ മൈലാപ്പൂരിനു സമീപത്തുവച്ചു് ജൂലായി (കർക്കടകം) 3-ാനു- കുന്തത്താൽ കുത്തേററു മരണം പ്രാപിക്കുകയും ചെയ്തു.

എഴുപത്തിരണ്ടാം കർക്കടക മതിൽ
മൂന്നാം ദിവസം പുലർ കാലേ
വഴിയാത്രകനാം തോമ്മാ
മൈലാപ്പൂരിൽ ചിന്ന മലയ്ക്കു
..................................................
..................................................
വലിയൊരു ശൂലമെടുത്തൊരു ക്രൂരൻ
ബലമായി നെഞ്ചിൽ ശ്ലീഹായെ
കുത്തിക്കൊണ്ടവരോടിയൊളിച്ചു
എമ്പ്രാന്മാരായവരെല്ലാം"

(റമ്പാൻ പാട്ടു്)

മാമ്മോദീസായിൽ നമ്മുടെ പിതാവു നമുക്കു പ്രദാനം ചെയ്ത വിശ്വാസത്തിനുവേണ്ടി എന്തെല്ലാം ചെയ്യുവാനും

എന്തെല്ലാം ത്യജിക്കുവാനും സഹിക്കുവാനും നമുക്കു സന്നദ്ധതയുണ്ടെന്നു പരിശോധിച്ചു നോക്കുന്നതിലേക്കും ഈ അവസരം നമ്മൾ വിനിയോഗിക്കേണ്ടതാണ്. സത്യവിശ്വാസത്തിനു അനുരൂപമായി നിർമ്മലമായ കത്തോലിക്കജീവിതമാണോ നമ്മൾ നയിച്ചു വരുന്നത്? നമ്മുടെ പ്രത്യേകമായ പരിശോധനയ്ക്കു ഇന്നു വിഷയമാകേണ്ട ഒന്നല്ലയോ ഈ സംഗതി? "പ്രവൃത്തിയില്ലാത്ത വിശ്വാസം ചത്തതാകുന്നു" എന്നു നമ്മൾ മനസ്സിലാക്കിയിരിക്കയും വേണം.

മാർത്തോമ്മായുടെ പ്രേഷിതവൃത്തിയെ വിവരിക്കുന്ന പുരാതനമായ നമ്മുടെ "റമ്പാൻ പാട്ടിൽ" കാണുന്നതു പോലെ

"ദൈവഗുണങ്ങൾക്കമ്മേയിതെന്നായി
മാർത്തോമ്മാ കാട്ടിയ നാഥ
ദൈവത്തിൻ മാതാവാം മറിയം"

നമ്മെ എല്ലാവരേയും കടാക്ഷിക്കട്ടെ!

PRINTED AT
THE NEETHIMAN PRESS, CHOONDAL.
*(CARMELITE SISTERS)*

DC Archives
*00090915*
J63 P69



പാലയൂരിലെ തളിയക്കുളം
എ. ഡി. 52 ജൂലായി 15-ാംനു